# അഭിവന്ദ്യ കണ്ടത്തിൽ പിതാവിന്റെ സൂക്തങ്ങൾ

1 ലോകം സന്ന്യാസിനിയിൽ മിശിഹായുടെ താത്പര്യങ്ങൾ മാത്രം ദർശിക്കേണ്ടതും തദ്വാരാ മിശിഹായിലേക്കു ആകർഷിക്കപ്പെടേണ്ടതുമാകുന്നു. അവളുടെ ഈ ദൗത്യം വിജയകരമാകുന്നത്, അവൾ സന്ന്യാസസഭയുടെ നിയമനിർവ്വഹണത്തിന്റെ ഒരു സജീവമൂർത്തീകരണമായിത്തീരുമ്പോൾ മാത്രമാണ്.

2 ആത്മാവിനാൽ നിറഞ്ഞവർ ഒന്നുചേർന്നാൽ ദൈവസ്തുതിയുടെ ആരവം അവിടെ നിറഞ്ഞുനിൽക്കും.

3 തീക്ഷ്ണശീലയായ ഒരു സന്ന്യാസിനിക്ക് കൂട്ടുസഹോദരികളിൽ ആരുംതന്നെ അരോചകകാരണമായിരിക്കുകയില്ല. വരപ്രസാദവും ഹൃദയവിശാലതയും ഈദൃശ സ്വഭാവവികൃതികളെ കണ്ടില്ലെന്നുവച്ചുകളയും.

4 ഒരു സഹോദരി മറ്റൊരു സഹോദരിയെ സ്നേഹിക്കുന്നത് കലർപ്പില്ലാത്തതും വിശുദ്ധവുമായ സ്നേഹത്താലാണ്. ഇരുവരും മിശിഹായ്ക്ക് പ്രിയപ്പെട്ടവരാകുന്നു.

5 ഉപവി നമ്മുടെ സന്ന്യാസസമൂഹങ്ങളെ സാക്ഷാൽ ശാന്തിനികേതങ്ങളാക്കിത്തീർക്കുന്നു. ഉപവി ഇല്ലാത്തിടത്തു ശണ്ഠയും ഭിന്നിപ്പും വർദ്ധിച്ചുവരും.

6 ഒരു സന്ന്യാസിനി എന്ന നിലയിൽ ഒരു സഹോദരി സർവദാ സ്വന്തം വിശുദ്ധീകരണത്തെയും, താൻ ഏതു സന്ന്യാസസഭയുടെ അംഗമായിരിക്കുന്നുവോ ആ സഭയുടെ ഉദ്ദേശ്യത്തെയും ലാക്കാക്കി പ്രവർത്തിച്ചുകൊണ്ട് ആത്മാക്കളുടെ രക്ഷാകരമായ വേലയിൽ ഭാഗഭാക്കായിത്തീരുന്നു.

7 സഭാനിയമം വിശ്വസ്തതയോടും ബഹുമാനത്തോടുംകൂടി പാലിക്കപ്പെടാതിരിക്കുകയും പരസ്പരസ്നേഹവും ഉപവിയും സദാ പ്രത്യക്ഷമായി കളിയാടാതിരിക്കുകയും ചെയ്യുന്ന കന്യാമഠങ്ങളിലേക്ക് ദൈവസേവനത്തിൽ താത്പര്യമുള്ള യുവതികൾ ഒരിക്കലും സമാകർഷിക്കപ്പെടുകയില്ല.

8 കുരിശിലെ ത്യാഗശീലം പകർന്നെടുത്ത് സ്വാർത്ഥത്തെ ജയിച്ച് ജീവിക്കുന്നതിന് നിങ്ങൾ യത്നിക്കുവിൻ. സഹനം കൂടാതെ ദൈവസ്നേഹം ഉണ്ടാകയില്ല.

9 സഭാപ്രവേശം ചെയ്ത കാലത്ത് തനിക്കുണ്ടായിരുന്ന ആദർശശുദ്ധിയെയും ആഗ്രഹശക്തിയെയും പൂർണ്ണസന്നദ്ധതയെയുംപറ്റി ചിലപ്പോഴൊക്കെ സന്ന്യാസിനി ചിന്തിക്കുന്നത് നല്ലതും രക്ഷാകരവും ആശ്വാസദായകവും ആകുന്നു.

10 നമ്മൾ ലോകത്തെ വിട്ടുപേക്ഷിച്ച് സന്യാസമന്ദിരത്തിന്റെ മതിൽക്കെട്ടിനുള്ളിൽ കാൽകുത്തിയപ്പോൾ എന്തെല്ലാം സ്ഥാനമാനങ്ങളെയും സുഖവാസസ്ഥലങ്ങളെയും ഉയർന്ന ലൗകികോദ്യോഗങ്ങളെയും അവഗണിച്ചുകൊണ്ടാണ് പോന്നത്! ലോത്തിന്റെ ഭാര്യയെപ്പോലെ ആ വക സംഗതികളിലേക്ക് ഇനിയും തിരിഞ്ഞുനോക്കിയാൽ, നമ്മുടെ ആത്മീയ ജീവൻ, സന്യാസചൈതന്യം നഷ്ടപ്പെട്ട് നമ്മൾ ഉപ്പുതൂണുകളായി പരിണമിക്കും.

11 അന്യരുടെ ഹൃദയങ്ങളെ ദൈവസ്നേഹാഗ്നിയാൽ ചൂടുപിടിപ്പിക്കുന്നതിന് തണുത്ത ഹൃദയങ്ങൾക്കു സാധിക്കുകയില്ല. ബാഹ്യജോലിക്ക് ആവശ്യമുള്ള സ്വർഗ്ഗാനുഗ്രഹങ്ങളെ നേടുന്നതിന് ദൈവസ്നേഹത്തിൽ മന്ദീഭവിച്ച ഹൃദയത്തിന് സാധ്യമല്ല.

12 കന്യാമഠത്തിലെ ജീവിതാനന്ദത്തെ സന്ന്യാസിനി ലോകത്തിലേക്കു കടത്തിവിട്ടുകൊണ്ടിരിക്കുന്നതല്ലാതെ, ലോകതാത്പര്യങ്ങളെ സന്ന്യാസഭവനത്തിലേക്ക് ഒരിക്കലും പ്രവേശിപ്പിക്കരുത്.

13 ഈശോ തന്റെ ഹൃദയം കയ്യിലെടുത്ത് നെഞ്ചിൽ താങ്ങിപ്പിടിച്ചിരിക്കുന്നത് എന്തിനാണ്? ആ ഹൃദയത്തിന്റെ പരിശുദ്ധിയെ നമ്മൾ നല്ലതിൻവണ്ണം കാണാൻ; ആ സ്നേഹത്തെ നമ്മൾ നല്ലതിൻവണ്ണം ഗ്രഹിക്കാൻ. എന്താണ് അവിടുത്തെ അധരങ്ങൾകൊണ്ട് മെല്ലെ പറയുന്നത്? നിന്റെ ഹൃദയം എന്റെ ഹൃദയംപോലെയാകണം.

14 നിങ്ങളുടെ ഹൃദയങ്ങളെ ഈശോയ്ക്കു നല്കുവിൻ. കുരിശിൽ കിടന്നുകൊണ്ട് മനുഷ്യരെ വിളിക്കുന്ന, സങ്കടങ്ങൾ അനുവദിച്ചുകൊണ്ട് മനുഷ്യരെ സ്നേഹിക്കുന്ന ഈശോയെ സ്നേഹിക്കുവാൻ സന്നദ്ധരാകുന്നവർ ഇന്നു ചുരുക്കമാണ്. നിങ്ങളെങ്കിലും മുള്ളുകൾകൊണ്ട് മകുടംചൂടിയിരിക്കുന്നതും കുരിശുവഹിക്കുന്നതുമായ ഈശോയുടെ ഹൃദയത്തെ അതേപടി സ്വീകരിച്ച് ആശ്ലേഷി

ക്കുവിൻ. മുള്ളുകൾ കുത്തിക്കൊള്ളും; എന്നിരുന്നാലും നിങ്ങൾ ഈശോയുടെ സ്നേഹിതരാകുവിൻ.

15 അങ്ങേ ഹൃദയമാണ് എന്റെ കർത്താവേ, എന്റെ വീട്. അതിലെ മുറിവാണ് എനിക്കുള്ള വാതിൽ. അതിലെ മാംസവും രക്തവുമാകുന്നു എന്റെ ഭക്ഷണം. അതുകൊണ്ടത്രേ, "എന്നിൽ വസിക്കുക" എന്ന് അങ്ങ് പറഞ്ഞിട്ടുള്ളത്.

16 നിങ്ങളുടെ ആവശ്യങ്ങളിൽ അത്യുത്സാഹത്തോടെ ഈശോയുടെ തിരുഹൃദയത്തെ സമീപിക്കുവിൻ. പ്രാർത്ഥനയാകുന്ന താക്കോൽ വഴി അതു തുറക്കുവിൻ. ആവശ്യമുള്ള അനുഗ്രഹങ്ങൾ ചോദിക്കുവിൻ. നിങ്ങളുടെ ശരണവും വിശ്വാസവുമനുസരിച്ചായിരിക്കും നിങ്ങൾക്കു കിട്ടുന്ന നന്മകളും.

17 നിങ്ങളെ വേദനിപ്പിക്കുകയും ക്ലേശിപ്പിക്കുകയും ചെയ്യുന്ന മുള്ളുകളിൽ മാത്രം നിങ്ങളുടെ ദൃഷ്ടി പതിക്കാതെ, സ്വർഗ്ഗീയമായ മാലയിൽ കോർത്തിരിക്കുന്ന റോസാപ്പൂക്കളാകുന്ന യോഗ്യതകൾ ഈ സങ്കടങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നുണ്ടെന്ന് ഓർക്കുവിൻ.

18 സമയം കണ്ടെത്തി വി. കുർബാനയുടെ അടുത്തിരുന്ന് അവിടെനിന്ന് ശക്തി സംഭരിക്കണം.

19 പ്രാർത്ഥനയോട് ആഭിമുഖ്യം കുറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനയാണ് ആവശ്യം.

20 നമ്മുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും ഈശോയെക്കൂടി പങ്കാളിയാക്കണം. അവിടുത്തെ ആശീർവാദത്തോടെ ചെയ്യണം.

21 ലോകത്തിൽ ജീവിക്കുന്നവരിൽ ലോകത്തിന്റെ അരൂപി ഉണ്ടാകുവാനിടയുണ്ട്. തന്മൂലം, ലോകത്തെ മറന്ന് ഏകാന്തതയിൽ സ്വല്പസമയം ചെലവഴിക്കുന്നത് ആദ്ധ്യാത്മികശുചീകരണത്തിന് അത്യന്താപേക്ഷിതമാകുന്നു.

22 ധ്യാനം, ആത്മശോധന, ജ്ഞാനവായന മുതലായ ആദ്ധ്യാത്മികകാര്യങ്ങൾ ദിനംപ്രതി ശ്രദ്ധാപൂർവ്വം അനുഷ്ഠിച്ചെങ്കിൽ മാത്രമേ പ്രാർത്ഥനയും ആത്മസംയമനവും ആശാസ്യമാകുംവിധം സ്വാധീനികിക്കുയുള്ളൂ. എന്നാൽ, ആ കാര്യങ്ങൾ അനുഷ്ഠിക്കുന്നതിന് സ്വാഭാവികമായ അലസതയും അന്നന്നുള്ള ജോലി

കളും പലപ്പോഴും തടസ്സങ്ങളായി ഭവിക്കുന്നതിനാൽ അവയെ ജയിക്കത്തക്ക ഒരു ആന്തരികശക്തി മനസ്സിൽ സജ്ജീകരിക്കേണ്ടിയിരിക്കുന്നു.

23 ധ്യാനിക്കുന്നതിന് ഒരു സന്ന്യാസിക്കുള്ള വിശ്വസ്തതയും കൃത്യനിഷ്ഠയും സന്ന്യാസജീവിതത്തിന്റെ പരിപൂർണ്ണാവസ്ഥയെ പ്രാപിക്കുന്നതിന് അവൾക്കുള്ള മനഃപൂർവ്വമായ ആഗ്രഹത്തിന്റെയും സ്ഥിരനിശ്ചയത്തിന്റെയും ഉരകല്ലായി ഗണിക്കാവുന്നതാണ്.

24 സന്ന്യാസജീവിതമാകുന്ന നുകത്തിന്റെ രസം രുചിച്ചറിയുന്നതിനും ഹൃദയത്തിന്റെ വ്യതിചലനത്തെ ഉപേക്ഷിക്കുന്നതിനും തന്റെ ആത്മാവിനെയും ശരീരത്തെയും പൂർണ്ണമായി ബലിയർപ്പിച്ചുകൊണ്ട് സ്വയം ദിവ്യമണവാളനായ മിശിഹായ്ക്കു ഏല്പിച്ചുകൊടുക്കുന്നതിനും ധ്യാനംമൂലം ഒരു സന്ന്യാസിനി പഠിക്കുന്നു.

25 ക്രൂശിക്കപ്പെട്ട മിശിഹായുടെ മണവാട്ടിയിൽ സ്വാർത്ഥപ്രസക്തിയുടെയും അഹങ്കാരത്തിന്റെയും നിഴൽപോലുമുണ്ടായിരിക്കാൻ പാടില്ല.

26 ബാഹ്യപ്രായശ്ചിത്തങ്ങൾ ഒട്ടുംതന്നെ അനുഷ്ഠിക്കാത്ത ഒരു സഹോദരി ദൈവസേവനത്തിൽ അലസയും മന്ദയും ആയിത്തീരുന്നതിൽ അത്ഭുതപ്പെടുവാനില്ല.

27 നോട്ടത്തിലും കേൾവിയിലും സംസാരത്തിലും ഇരിപ്പിലും നടപ്പിലും കിടപ്പിലും എന്നുവേണ്ട നമ്മുടെ അനുദിനകൃത്യങ്ങൾ എല്ലാത്തിലും പാപകരങ്ങളല്ലാത്ത പല ആഗ്രഹങ്ങളെയും പിടിച്ചടക്കാൻ നമുക്കു വേണ്ടുവോളം അവസരങ്ങൾ ഉണ്ടാകും. ആ അവസരങ്ങളെ ഉപയോഗിക്കുന്നതു വളരെ വിലയുള്ള പ്രായശ്ചിത്തപ്രവൃത്തിയായിരിക്കും.

28 നിങ്ങളുടെ വസ്ത്രം നിങ്ങളുടെ സ്വഭാവത്തെ മൂടുന്നതിനല്ല. അതിനെ അടക്കി അതിനെ ജയിച്ച് ലോകത്തിലുള്ളവരുടേതിനെക്കാൾ സുകൃതജീവിതം നയിക്കുന്നുണ്ടെന്നു കാണിക്കാനാണ്.

29 സഭ ശരിയായി വരുന്നത് അതിലെ അംഗങ്ങളുടെ പുണ്യജീവിതംകൊണ്ടാണ്, പ്രത്യേകിച്ച്, നൊവിസ്യാത്തുകാരുടെ.

30 സ്വല്പം സുഖക്കേടുണ്ടെങ്കിലും സഭയുടെ ഗുണം നോക്കുകയും പുണ്യവതിയാകാൻ

ശ്രമിക്കുകയും ചെയ്യുന്ന സന്മനസ്സും ആഗ്രഹവുമാണ് പ്രധാനം.

31 നോവിസ്യാത്തിൽ വച്ച് നല്ല തൃപ്തിയായ ജീവിതം കഴിക്കാത്തവരെ ക്രമപ്രകാരം ഉടുപ്പുകൊടുത്തും പറഞ്ഞൊപ്പ് ചെയ്യിച്ചും ശരിയായ സഭാംഗങ്ങളാക്കാതിരിക്കാൻ നല്ല ശ്രദ്ധ പതിക്കണം. ഇതിനു മനഃസാക്ഷിക്കടമുണ്ട്.

32 ആദ്ധ്യാത്മികജീവിതത്തിൽ ചൈതന്യവും പ്രാർത്ഥനയിൽ താത്പര്യവും ഏറ്റവും ചെറുതായ നിയമംപോലും അനുസരിക്കുന്നതിൽ നിഷ്ഠയും ദൈവസേവനത്തിൽ ഔദാര്യവും ഉള്ളവളായിരിക്കുവാൻ, നൊവിസ്യാത്തു പൂർത്തിയാക്കിയ ഒരു നവകന്യകയ്ക്ക് ഗൗരവാവഹമായ കടമയുണ്ട്. മന്ദതയ്ക്ക് അവളുടെ ജീവിതചര്യയിൽ സ്ഥലമുണ്ടാകരുത്. മന്ദയും അലസയും സൂക്ഷമില്ലാത്തവളും ദൈവവേലയ്ക്കു പ്രതിബന്ധമായിട്ടാണ് പരിഗണിക്കുക.

33 നമുക്കുണ്ടാകുന്ന പരീക്ഷകളെല്ലാം നിർമ്മല കന്യകയുടെ സഹായം അപേക്ഷിച്ചുകൊണ്ട് ധൈര്യപൂർവ്വം ജയിക്കാം. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ അടക്കിസൂക്ഷിക്കണം. ഉടുപ്പിലും നട

പ്പിലും കൂടുതൽ അടക്കം ആചരിക്കണം. ആത്മത്യാഗവും പ്രായശ്ചിത്തവുംകൊണ്ട് അതിനെ സംരക്ഷിക്കാം.

34 വിരക്തി എന്ന പുഷ്പത്തെ നിർമ്മലമായി കാത്തുസൂക്ഷിക്കുന്നതിന് പഞ്ചേന്ദ്രിയനിഗ്രഹവും അടക്കവും ഒഴിച്ചുകൂടാത്തതാണ്. തിരി കാറ്റുകൊണ്ട് കെട്ടുപോകാതിരിക്കണമെങ്കിൽ ലന്തേറണയ്ക്കകത്തുവയ്ക്കണം. അതുപോലെ വിരക്തനായി ജീവിക്കാൻ നീ ഇച്ഛിക്കുന്നുവെങ്കിൽ നീ ലോകത്തിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് അധികം സഞ്ചരിക്കാതിരിക്കണം.

35 അനുസരണം എത്ര വിനീതവും പരമാർത്ഥവുമായിരിക്കുമോ അത്രയ്ക്കും സമ്മാനാർഹവും ദൈവത്തിന് ഇഷ്ടമുള്ളതുമായിരിക്കും. നിങ്ങളുടെ മേലുള്ളവർ ആരുതന്നെയായാലും വേണ്ടില്ല അവർ ഗബ്രിയേൽ മാലാഖയെപ്പോലെ ദൈവത്തിന്റെ കല്പനകളെയും ഇഷ്ടങ്ങളെയും നിങ്ങളെ അറിയിക്കുവാനായി നിയോഗിക്കപ്പെട്ടവരാണ്.

36 നിങ്ങളുടെ അനുസരണം സ്നേഹത്തോടും ചുറുചുറുപ്പോടും കൂടിയുള്ളതായിരിക്കണം.

സ്നേഹിക്കുന്നവർ പ്രയാസമുള്ളവയും എളു
പ്പമുള്ളവയും തമ്മിൽ തരംതിരിക്കുകയില്ല.

37 ഈശോയെ വാസ്തവത്തിൽ നിങ്ങൾ
സ്നേഹിക്കുന്നുവെങ്കിൽ മറ്റുള്ളവരും അവി
ടുത്തെ സ്നേഹിക്കുന്നതിനും അവിടുത്തെ
ഇഷ്ടമനുസരിച്ച് അവർ പ്രവർത്തിക്കു
ന്നതിനും ഏതെല്ലാം വിധത്തിൽ പ്രേരിപ്പി
ക്കാമോ അപ്രകാരമെല്ലാം പ്രവർത്തിക്കാതി
രിക്കുകയില്ല. അതിനു സ്ഥലമോ ആളോ
നോക്കാതെ അവസരഹ്ങളുണ്ടാക്കിയും
കണ്ടുപിടിച്ചും ഈശോയെ എല്ലാ ഹൃദയങ്ങ
ളിലും സ്ഥാപിക്കാൻ ഏതു ത്യാഗങ്ങളും
സഹിക്കാനുള്ള സന്നദ്ധതയോടെ ശ്രമിക്ക
ണം.

38 എല്ലാ വീടുകളും എല്ലാ ജനങ്ങളും ഈശോ
യുടെ സ്വന്തമായി കാണുവാൻ ഞാൻ ആഗ്ര
ഹിക്കുന്നു.

39 ഈശോയെ മറന്നുകളഞ്ഞ ഭവനങ്ങളിൽ
ഈശോയ്ക്കു പ്രവേശനം ലഭിക്കുന്നതിനായി
പ്രത്യേകം പ്രാർത്ഥിക്കുകയും ആവുംവിധം
അവരുടെ മാനസാന്തരത്തിനായി വേലചെയ്യു
കയും വേണം.

40 കുടുംബങ്ങളെ ഈശോയുടെ സിംഹാസനവും സക്രാരിയുമാക്കിത്തീർത്ത് അവയെ രക്ഷിക്കുവാനുള്ള നിങ്ങളുടെ പരിശ്രമം നിരന്തരം തുടരണം.

41 നിങ്ങളുടെ ഇടവകാതിർത്തിയിൽ നിങ്ങളുടെ അനാസ്ഥമൂലം ഒരു കുടുംബംപോലും കഷ്ടപ്പെടുവാൻ ഇടയാകരുത്. വീടുകളിൽ ചെന്ന് അന്വേഷിച്ച് വേണ്ട സഹായം ചെയ്തുകൊടുക്കേണ്ടുന്ന കാര്യം നാം പ്രത്യേകമായി ഓർമിപ്പിക്കുന്നു. മക്കളേ, ഈ വിധത്തിലായിരിക്കണം നിങ്ങളുടെ കുടുംബസന്ദർശനം.

42 ഇടവകയിലെ ഓരോ കുടുംബത്തിലും കത്തോലിക്കാപഠനങ്ങൾക്കു വിരോധമായതോ ദൈവഭക്തി കുറയ്ക്കുന്നതോ അധികാരത്തെ നിരസിക്കുന്നതോ മതത്തിലുള്ള താത്പര്യം കുറയ്ക്കുന്നതോ ആയ യാതൊരു പുസ്തകങ്ങളും പത്രങ്ങളും മാസികകളും പ്രവേശിപ്പിക്കാതിരിക്കാനും അങ്ങനെയുള്ളവയെ ഉപേക്ഷിക്കുവാനുമുള്ള നമ്മുടെ കടമ ഏതു പ്രകാരം നിറവേറ്റുന്നു? ഇതിനെന്ത് ഉപദേശങ്ങളും ശ്രമങ്ങളും ചെയ്യുന്നു?

43 എല്ലാ കുടുംബങ്ങളിലും ഒരു കത്തോലിക്കാ പത്രമോ മാസികയോ വരുത്തിക്കൊണ്ടിരി

ക്കാനും കത്തോലിക്കാ അരൂപി നില നിർത്താനും നമ്മൾ എന്തു ശ്രമങ്ങളാണ് ചെയ്യുന്നത്? ഭക്തിവർദ്ധകങ്ങളായ പുസ്തക ങ്ങൾ എല്ലാവീട്ടിലുംതന്നെ ഉണ്ടായിരിക്കേണ്ട തല്ലയോ?

44 ഹൃദയത്തിൽ നിന്നും കവിഞ്ഞൊഴുകുന്ന ദൈവസ്നേഹമാണ് പ്രേഷിതവേല. ദൈവ സ്നേഹത്തിന്റെ കണികപോലുമില്ലാത്ത ഹൃദ യത്തിൽ നിന്ന് പുറപ്പെടുന്ന ഉപദേശം മനു ഷ്യരുടെ തലയ്ക്കുമീതെ പോകുന്നതല്ലാതെ ഹൃദയത്തെ സ്പർശിക്കുകയില്ല. മാതൃകാജീ വിതംകൊണ്ട് മുദ്രിതമാകാത്ത പ്രേഷിതവേല പ്രയോജനരഹിതമാണ്.

45 നഷ്ടപ്പെട്ടുപോയ ആടിനെ തിരിച്ചുകൊണ്ടു പോരുവാൻ എത്ര വലിയ കാട്ടിലും നാം കയറി അന്വേഷിക്കണം. ഒരു സങ്കടവും ഒരു ക്ലേശവും വഴിതെറ്റിപ്പോയ ആത്മാക്കളെ അന്വേഷിക്കുന്നതിന് പ്രതിബന്ധമാകരുത്.

46 കത്തോലിക്കാ മതതത്ത്വങ്ങൾ പ്രചരിപ്പിക്കു ന്നതിലുള്ള അലസതയും വൈമനസ്യവും കളഞ്ഞ് ലോകരക്ഷയുടെ കൈകണ്ട ഔഷ ധമായ മതതത്ത്വങ്ങൾ നിങ്ങൾതന്നെ പഠിച്ച്,

അന്യരുടെ മുമ്പാകെ സന്ദർഭോചിതമായി സമർപ്പിക്കണം. മനസ്സുണ്ടെങ്കിൽ ഇതിനുള്ള സന്ദർഭങ്ങൾ അനേകം ഉണ്ട്. വഴിയാത്രകൾ, സംഭാഷണാവസരങ്ങൾ, സന്ദർശനസന്ദർഭ ങ്ങൾ മുതലായ പല സാഹചര്യങ്ങളിലും നമ്മുടെ പരിപാവനതത്ത്വങ്ങൾ സ്വല്പമായെ ങ്കിലും അന്യരുടെ മുമ്പാകെ പ്രദർശിപ്പിക്കു വാൻ കഴിയും.

47 സ്ഥിതിഭേദംകൊണ്ട് വന്ന് ധർമം വാങ്ങിപ്പാൻ ലജ്ജിക്കുന്നവരായി ചില ദരിദ്രർ ഉണ്ടാകാതി രിക്കയില്ല. അവർ തങ്ങളുടെ കഷ്ടാവസ്ഥയെ മറ്റുള്ളവരെ ചെന്നുകണ്ട് പറഞ്ഞുധരിപ്പിക്കുക സാധാരണമല്ല. ഇവർ വാസ്തവത്തിൽ നമ്മുടെ സഹായത്തെ ശരിയായി അർഹിക്കു ന്നവരാകുന്നു. ആകയാൽ, ഇങ്ങനെയുള്ള വീടുകളിൽ ചെന്നന്വേഷിച്ച് വേണ്ട സഹായം ചെയ്തുകൊടുക്കുന്ന കാര്യം നാം പ്രത്യേക മായി ഓർമിപ്പിക്കുന്നു.

48 അത്യദ്ധ്വാനം ചെയ്താണ് നിങ്ങൾ ഭക്ഷണം തേടുന്നതെങ്കിൽ നിശ്ചയമായും നിങ്ങൾ സന്തോഷിക്കേണ്ടതാണ്. നേരെ മറിച്ച് അല സരായി വീടുകളിലിരുന്ന് സമയം പാഴാക്കു

ന്നവരുടെ സ്ഥിതി എത്രയും സന്താപകരമായിരിക്കും. ഇടവകയിലെ സ്ഥിതിക്കു പറ്റിയ വ്യവസായങ്ങൾ തുടങ്ങുന്നതും കുടിൽ വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കുന്നതും എത്രയും നന്നായിരിക്കുമെന്നതിൽ സന്ദേഹമില്ല.

49 മനുഷ്യകുടുംബത്തെ മുഴുവനും വീക്ഷിച്ച് ഭൂലോകത്തിന്റെ ഓരോ ഭാഗത്തിലും മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടങ്ങളെയും അവർ നേരിട്ടിരിക്കുന്ന അപകടങ്ങളെയും ഈശോയെ അറിയിച്ച് നിങ്ങൾ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം.

# അഭിവന്ദ്യ കണ്ടത്തിൽ പിതാവ് കുടുംബങ്ങളോട്

1 മനുഷ്യർ ഓരോരുത്തരെയോ മനുഷ്യസമുദായത്തെയോ രാജ്യങ്ങളെയോ നന്നാക്കണമെങ്കിൽ ആദ്യമായി കുടുംബങ്ങളെ നന്നാക്കേണ്ടിയിരിക്കുന്നു. ഏതു മനുഷ്യന്റെയും ആദ്യവും പ്രധാനുമായ വിദ്യാലയം കുടുംബവും അദ്ധ്യാപകർ അവന്റെ മാതാപിതാക്കന്മാരുമാണ്.

2 മനുഷ്യരുടെ സ്വഭാവരൂപീകരണം ചെയ്യാൻ കുടുംബങ്ങളോളം ശക്തിയുള്ള വേറൊരു സ്ഥാപനമില്ല.

3 നിങ്ങളുടെ കുടുംബം നസ്രസത്തിലെ തിരുക്കുടുംബത്തിന്റെ ഒരു പ്രതിച്ഛായയാക്കാൻ നിങ്ങൾ സദാ ശ്രദ്ധിക്കണം.

4 ധനവാന്റെയും ദരിദ്രന്റെയും പണം ഒരുപോലെ നശിപ്പിക്കുന്നതും കുടുംബങ്ങളിൽ സമാധാനം ഇല്ലാതാക്കുന്നതും, മനുഷ്യർ തമ്മിൽ തർക്കവും വഴക്കും വളർത്തുന്നതുമായ "കുടിപിശാചിനെ" ഇത്രയുമായിട്ടും നമ്മൾ വിട്ടുപേക്ഷിച്ചിട്ടില്ലാത്തത് പരിതാപകരംതന്നെ.

5 കുടുംബങ്ങളെ ഈശോയുടെ സിംഹാസനവും സക്രാരിയും ആക്കിത്തീർത്ത് അവയെ രക്ഷിക്കുവിൻ. പ്രാർത്ഥനയും പ്രായശ്ചിത്തവും പരിഹാരവും രാത്രി ആരാധനയും വഴി ദിവ്യരാജന്റെ മാർഗ്ഗങ്ങളെ ചൊവ്വാക്കുവിൻ.

6 ഭക്തചിത്രങ്ങളും ക്രൂശിതരൂപവുംകൊണ്ട് ഭവനത്തെ അലങ്കരിക്കുക. ചീത്തചിത്രങ്ങൾ ഭവനത്തിൽ പ്രവേശിപ്പിക്കുകയേ അരുത്.

7 പുറത്തുപോയി തിരികെ വരുമ്പോൾ കാലിൽ ചെളി പറ്റിയിട്ടുണ്ടെങ്കിൽ അതു കഴുകിക്കളഞ്ഞതിനുശേഷമേ നിങ്ങൾ വീട്ടിൽ പ്രവേശിക്കുന്നുള്ളൂ. അതുപോലെ ഒരു സൂക്ഷം ആത്മാവിന്റെ കാര്യത്തിലും വേണം. മനുഷ്യമനസ്സിനെ മലിനമാക്കുന്ന യാതൊന്നും കുടുംബരംഗത്തു പ്രവേശിക്കാതിരിക്കുവാൻ ഏവരും ജാഗരൂകരായിരിക്കേണ്ടതാണ്.

8 ഒരുമിച്ചുപ്രാർത്ഥിക്കുന്ന കുടുംബം ഐക്യത്തിൽ നിലനിൽക്കും. പ്രാർത്ഥനാരഹിതമായ കുടുംബങ്ങൾ ഉണ്ണുന്നതിനും ഉറങ്ങുന്നതിനും മാത്രമുള്ള ഒരു രംഗമായി അധഃപതിക്കുക തന്നെ ചെയ്യും.

9 മാതാപിതാക്കന്മാരും മക്കളും തമ്മിലുള്ള ബന്ധം എത്ര ശിഥിലമായിരിക്കുന്നു? ഭാര്യാ ഭർത്താക്കന്മാരും സഹോദരീസഹോദരന്മാരും പരസ്പരം സ്നേഹിക്കാതെ കലഹിച്ചുകൊണ്ടുകഴിയുന്ന കാഴ്ചയും അത്ര ദുർല്ലഭമല്ല. അങ്ങനെയുള്ള ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും നാം ദൈവജനനിയുടെ നേരെ തിരിഞ്ഞ് കത്തോലിക്കാകുടുംബങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഒരുമിച്ച് അപേക്ഷിക്കണം.

10 വർത്തമാനപ്പത്രങ്ങൾ കുടുംബത്തിന്റെ വേദപുസ്തകവും റേഡിയോ അതിന്റെ ബലിപീഠവും സിനിമ അതിന്റെ സാന്മാർഗ്ഗികോപദേഷ്ടാവുമായിത്തീർന്നാൽ കുടുംബങ്ങൾ നശിക്കുകതന്നെ ചെയ്യും.

11 കുടുംബത്തിൽ ഒരു ഗ്രന്ഥശേഖരം ഉണ്ടായിരിക്കണം. ഏതെങ്കിലും ഒന്നോ രണ്ടോ കത്തോലിക്കാ പത്രമാസികകൾ കുടുംബത്തിൽ വരുത്താതിരിക്കരുത്. അവ വായിച്ച ശേഷം അടുത്ത വീട്ടുകാർക്ക് വായിക്കാൻ കൊടുക്കണം.

12 ദൈവം മനുഷ്യനു തന്നിട്ടുള്ള ദാനങ്ങളിൽ

ഏറ്റം മഹത്തായത് സന്താനങ്ങളാണ്. ദൈവ ത്തെ മുൻനിറുത്തി ജീവിക്കുന്ന ഉത്തമപൗര രായും നല്ല ക്രിസ്ത്യാനികളായും മക്കളെ വളർത്തിക്കൊണ്ടുവരുന്നതിന് നിങ്ങളുടെ കഴി വനുസരിച്ച് പരിശ്രമിക്കണം.

13 പ്രിയപ്പെട്ട ക്രിസ്തീയ മാതാപിതാക്കന്മാരേ, നിങ്ങളുടെ കുട്ടികളുടെ നന്മ നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ അവരെ മറിയത്തിന് പ്രതിഷ്ഠിക്കുവിൻ. അവ രുടെ ജനനത്തിനു മുമ്പുതന്നെ അവരെ ദൈവ മാതാവിന്റെ സംരക്ഷണത്തിൽ ഏല്പിക്കു വിൻ.

14 ദുഷിച്ച ആധുനികലോകത്തിന്റെ ദൂഷ്യവശ ങ്ങൾ ത്യജിച്ച് ഉത്തമമായ കത്തോലിക്കാജീ വിതം നയിക്കുന്ന ഒരു ഭാവിതലമുറയെ കാണുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, കുട്ടികൾ സംസാരിച്ചുതുടങ്ങുന്ന നാൾ മുതൽക്കുതന്നെ അവരെ വേദപാഠം പഠിപ്പി ക്കുവാൻ നാം ഉത്സാഹിക്കേണ്ടതാണ്. കഥ കൾ കേൾക്കാൻ താത്പര്യമുള്ള ബാലഗണ ത്തിന് കർത്താവിന്റെയും വിശുദ്ധന്മാരുടെയും ജീവചരിത്രങ്ങളിൽ നിന്നോ വേദപുസ്തക ത്തിൽ നിന്നോ പ്രയോജനകരമായ സംഭവ

ങ്ങൾ വിവരിച്ചുപറഞ്ഞുകൊടുക്കുന്നത് എത്ര ഉത്തമമായിരിക്കും.

15 കുട്ടികളെ പള്ളിക്കൂടത്തിൽ അയയ്ക്കേണ്ട സമയമാകുമ്പോൾ കത്തോലിക്കാ അന്തരീക്ഷം പരിപാലിച്ചുവരുന്ന വിദ്യാലയങ്ങൾ തിരഞ്ഞെടുത്ത് അവിടെ അവരെ അയയ്ക്കാൻ ഉത്സാഹിക്കണം.

16 ദുഷിച്ച് ചലച്ചിത്രങ്ങളിൽനിന്ന് ജനങ്ങളേ, വിശിഷ്യ നമ്മുടെ "വളരുന്ന തലമുറ"യാകുന്ന കുട്ടികളെ അകറ്റിനിർത്തുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്.

17 കുടുംബാംഗങ്ങൾക്കെല്ലാവർക്കും ആനന്ദജനകമായ രീതിയിൽ കുടുംബത്തെ സജ്ജീകരിക്കണം. കളികളും ഉല്ലാസങ്ങളും കുടുംബത്തിൽത്തന്നെ സുലഭമായിരിക്കണം.

18 കുട്ടികൾ ത്യാഗശീലമുള്ളവരാകുവാൻ പരിശീലനം നല്കണം. അവരെക്കൊണ്ട് സാധുക്കൾക്ക് ധർമം കൊടുപ്പിക്കുക, വീട്ടുജോലികൾ പാടുള്ളത് അവരെക്കൊണ്ട് ചെയ്യിക്കുക, ഭക്ഷണത്തിലും മറ്റും ചെറിയ ചെറിയ ത്യാഗങ്ങൾ ചെയ്യുന്നതിന് ഉപദേശിക്കുക.

19 ജ്ഞാനത്തെക്കാളും ലോകസന്തോഷത്തെക്കാളും ദൈവശുശ്രൂഷ വിശിഷ്ടമാണെന്ന് മക്കളെ ധരിപ്പിക്കണം. ഭൗതികമായ ഏതെങ്കിലും ഒരു ജോലിക്കു മാത്രമായി അവരെ ഒരുക്കിക്കൊണ്ട് തൃപ്തിപ്പെടാതെ ആത്മരക്ഷയ്ക്ക് ഉപകരിക്കുന്നതും അവരുടെ സ്വഭാവഗതിക്ക് അനുയോജ്യവുമായ അന്തസ്സിനായി അവരെ ഒരുക്കണം.

20 ത്യാഗശീലം കൂടാതെ സമാധാനം ഉണ്ടാകുവാൻ പോകുന്നില്ല. ഒരു ശണ്ഠ അവസാനിക്കണമെങ്കിൽ ഇരുഭാഗത്തുനിന്നോ അല്ലെങ്കിൽ ഒരു ഭാഗത്തുനിന്നോ ത്യാഗം കൂടിയേ കഴിയൂ. ഫലപുഷ്പാദിസമൃദ്ധമായ ഒരു സസ്യമുണ്ടാകുവാൻ അതിന്റെ വിത്ത് മണ്ണിൽ വീണ് അഴിഞ്ഞുപോകണം. അതുപോലെ തന്നെ സമുദായങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും സമാധാനമുണ്ടാകുവാൻ വ്യക്തിതാൽപര്യങ്ങൾ ചിലതു ത്യജിച്ചേ മതിയാവൂ.

21 വിവാഹം ഒരു ബലിയാണെന്നും അതിൽ ഒഴിച്ചുകൂടാത്ത പല വിഷമതകളും ഉണ്ടെന്നും നാം ധരിക്കണം. കുടുംബക്ലേശങ്ങളെ സന്തോഷത്തോടുകൂടെ നേരിടുകയും സമാധാന

പൂർവ്വം അവയെ തരണം ചെയ്യുകയും ചെയ്യുക.

22 ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരോട് വിശ്വസ്തരായിരിപ്പിൻ. അവരെ ശുദ്ധമായി സ്നേഹിക്കേണ്ടത് നിങ്ങളുടെ കടമയാണെന്നുള്ളതു മറന്നുപോകരുത്.

23 കുടുംബത്തലവന്മാരായ പ്രിയമക്കളേ, നിങ്ങൾ എല്ലാവരും തക്കസമയത്ത് നിങ്ങളുടെ വിൽപ്പത്രം (തെസ്തമെന്റ്) എഴുതിവയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയും സ്നേഹപൂർവ്വം ബലമായി ഉപദേശിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നത് നിങ്ങളുടെ അവകാശികളുടെ ഇടയിൽ സമാധാനം നിലനിർത്തിക്കൊണ്ടുപോകുന്നതിന് ഉപകരിക്കും.

24 ഇക്കാലത്ത് ദൈവമാതാവിനെപ്പോലെയുള്ള അമ്മമാരെയും അമലോത്ഭവകന്യകയെപ്പോലെയുള്ള യുവതികളെയും മിശിഹായെപ്പോലെയുള്ള യുവാക്കന്മാരെയും "മറിയത്തിന്റെ കുഞ്ഞുമക്കൾ" എന്ന നാമത്തിൽ അഭിമാനം കൊള്ളുന്ന ബാലികാബാലന്മാരെയും തിരുക്കുടുംബത്തെപ്പോലെയുള്ള കുടുംബങ്ങളെയും ആണ് സമുദായത്തിനും സഭയ്ക്കും

ധാരാളമായി ആവശ്യമായിരിക്കുന്നത്.

25 ദൈവം കഴിഞ്ഞാൽ മനുഷ്യന് അമ്മയാണ് ഏറ്റവും പ്രിയപ്പെട്ടവൾ. പരമകാരുണികനായ ദൈവത്തിന്റെ അനന്തസ്നേഹത്തിന് അല്പമെങ്കിലും അനുരൂപമായി സൃഷ്ടിയിൽ വല്ലതുമുണ്ടെങ്കിൽ അത് അമ്മമാരുടെ സ്നേഹം ഒന്നു മാത്രമാണ്.

26 കുട്ടികളുടെ ഹൃദയത്തിന്റെയും സ്നേഹത്തിന്റെയും താക്കോൽ പിടിച്ചിരിക്കുന്ന അമ്മതന്നെയാണ് അവരുടെ പ്രഥമഗുരു. ജീവിതത്തിന്റെ ഉന്നതാദർശങ്ങളെ അവരുടെ ദൃഷ്ടിയിൽ കൊണ്ടുവരുവിൻ.

27 ഇക്കാലത്ത് നല്ല ക്രിസ്ത്യാനികൾ ഇത്ര ചുരുക്കമായിരിക്കുന്നത് പുണ്യവതികളായ അമ്മമാർ വളരെ ചുരുക്കമായിരിക്കുന്നതിനാലാണ്.

28 സിംഹങ്ങളെപ്പോലെ ചുറ്റും പാഞ്ഞുനടക്കുന്ന പിശാചിന്റെ കെണിയിൽ കുടുങ്ങിയിരിക്കുന്ന ഭർത്താവിനെ സത്പന്ഥാവിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ഒരു ഭാര്യക്കുള്ളിടത്തോളം കഴിവും സൗകര്യവും മറ്റാർക്കാണുള്ളത്? ധൂർത്തന്റെ വഴിയിൽക്കൂടി സഞ്ചരിക്കുന്ന തന്റെ മകനെ ഈശോമിശിഹായുടെ സന്നി

ധിയിലേക്കാനയിക്കുവാൻ ഒരു അമ്മയ്ക്കുള്ളി ടത്തോളം ത്രാണിയും വശീകരണശക്തിയും വേറെ ആർക്കാണുള്ളത്?

29 അമ്മമാർ അവരുടെ സന്താനങ്ങളെക്കൊണ്ട് ദേവാലയത്തിൽ വന്ന് ദിവ്യപൂജയിൽ സംബ ന്ധിച്ചു പരി. കുർബാന അനുഭവിച്ചശേഷം ദൈവമാതാവിന്റെ അൾത്താരയുടെ ചുറ്റും ഒരു മിച്ചുകൂടി സന്താനലാഭത്തിനായി ദൈവത്തിനു നന്ദിപറയുകയും തങ്ങളുടെ മാതൃസ്ഥാന ത്തെയും സന്താനങ്ങളെയും മാതാവിന് പ്രതി ഷ്ഠിക്കുകയും ചെയ്യണം.

30 ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാരോടു വിശ്വസ്തകളായി ജീവിക്കുവിൻ. അവർക്കു മിശിഹായ്ക്കെന്നപോലെ കീഴ് വഴങ്ങുവിൻ. ഇതുവഴിയായി നിങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും ഐക്യവും ഉളവാകും.

31 യുവജനങ്ങളേ, നിങ്ങളുടെ സൗന്ദര്യം നിങ്ങ ളുടെ മുഖത്തല്ല. യഥാർത്ഥമായ സൗന്ദര്യം ഹൃദയത്തിലാണ്. ദൈവസ്നേഹത്താൽ എരി യുന്ന ഹൃദയവും തിരുസഭയുടെ ദിവ്യമായ വിശ്വാസസത്യങ്ങളെ ഒന്നൊഴിയാതെ പൂർണ്ണ മായി സ്വീകരിക്കുന്ന ഒരു ബുദ്ധിയും ദൈവ

കല്പനകളെയും ദിവ്യനാഥന്റെ ഉപദേശങ്ങ ളെയും പൂർണ്ണമായി അനുസരിക്കുന്നതിനു സന്നദ്ധതയുള്ള ഒരു മനസ്സും വിനീതമായ നട പടിയും മാതാപിതാക്കന്മാരോടും ശ്രേഷ്ഠന്മാ രോടുമുള്ള സ്നേഹപൂർവ്വകമായ അനുസര ണവുമാണ് യഥാർത്ഥ സൗന്ദര്യം.

32 പരിചയമില്ലാത്ത തീവണ്ടിയാപ്പീസിൽ ഇറങ്ങി നിൽക്കുന്ന വഴിയാത്രക്കാരെപ്പോലെയാണ് യുവജനങ്ങൾ. പല വഴികൾ തുറന്നുകിടക്കു ന്നത് അവർ കാണും. ആരെങ്കിലും വഴി പറ ഞ്ഞുകൊടുക്കുകയോ, തന്നെത്താൻ അന്വേ ഷിക്കുകയോ ചെയ്യാത്തപക്ഷം അവർക്കു വഴി തെറ്റിയെന്നുവരാവുന്നതാണ്.

33 “നിന്റെ മാതാപിതാക്കന്മാരെ ബഹുമാനി ക്കുക” എന്ന ദൈവകല്പനയെ ധിക്കരിക്കു വാൻ യുവാക്കന്മാരെ ലോകം പ്രേരിപ്പി ച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അവരെ നേർവഴിയിലേക്ക് ആനയിച്ച് കുടുംബ ത്തോടും മാതാപിതാക്കന്മാരോടും ഗാഢമായി ബന്ധിപ്പിക്കണം.

34 കുട്ടികളേ, നിങ്ങൾ അന്യോന്യം പരിശുദ്ധ മായി സ്നേഹിക്കുവിൻ. മേലുള്ളവരുടെ

ആജ്ഞകളെ വിശ്വസ്തതയോടെ നിറവേറ്റു കയും ചെയ്യുവിൻ. ചെറുപ്പംമുതൽക്കേ ഈശോയുടെ സ്നേഹത്തെപ്രതി ഓരോ ത്യാഗപ്രവൃത്തികൾ ചെയ്തു ശീലിക്കുവിൻ.

35 ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്ന കാര്യം ലഘുവായ ഒന്നല്ല. പ്രാർത്ഥനയും പഠനവും നടത്തിയതിനുശേഷം മാത്രമേ ആരെങ്കിലും ഒരന്തസ് തിരഞ്ഞെടുക്കാവൂ.

36 കുട്ടികളുടെ സമ്മതം കൂടാതെ സ്വന്തം അഭീഷ്ടമനുസരിച്ച് അവരെ ഏതെങ്കിലും ജീവിതാന്തസ്സിൽ നിർബന്ധപൂർവ്വം തള്ളിക്കയറ്റുന്നതായാൽ ജീവിതം ആ കുട്ടികൾക്കും മാതാപിതാക്കന്മാർക്കും ഒന്നുപോലെ ഭാരമായിത്തീരും.

37 കുട്ടികൾ സ്കൂളിൽ പോകുമ്പോഴും മടങ്ങിപ്പോരുമ്പോഴും കൂട്ടമായോ തനിച്ചോ കൊന്ത ചൊല്ലി ശീലിക്കുന്നത് വളരെ നല്ലതാണ്.

38 പ്രിയ കുട്ടികളേ, നിങ്ങൾ വലിയവരുടെ തർക്കങ്ങളിലും വാദങ്ങളിലും പ്രവേശിക്കേണ്ടവരല്ല. തത്ക്കാലം നിങ്ങളുടെ ചുമതല, പഠിച്ചു സമർത്ഥരും നല്ല പൗരന്മാരുമാകുകയാണ്.

അതിനാൽ നിങ്ങൾ ഒരുവിധത്തിലും ഒരുതരം പണിമുടക്കിനും രംഗത്തിറങ്ങരുത്.

39 യഥാർത്ഥ കത്തോലിക്കർ വസിക്കുന്ന കുടുംബങ്ങളിൽ എത്ര വലിയ സമാധാനം, എന്തൊരു പരസ്നേഹ ചൈതന്യം, എന്തൊരു പ്രാർത്ഥനാശീലം, മാതാപിതാക്കന്മാർക്ക് കുട്ടികളോട് എന്തൊരു വാത്സല്യം, കുട്ടികൾക്ക് മാതാപിതാക്കളോട് എന്തൊരു ബഹുമാനവും അനുസരണയും. ഈശോയുടെ തിരുഹൃദയത്തിന് എന്തൊരാശ്വാസമാണ്. ഈ കുടുംബങ്ങളിൽ നിന്നു ലഭിക്കുക. അവ നസ്രസത്തിന്റെ ഉത്തമമാതൃകകൾതന്നെ. അവിടെയാണ് ദൈവവിളിയുടെ വിത്തുകൾ ഈശോ വിതയ്ക്കുന്നത്.

40 നിങ്ങളുടെ കുടുംബപ്രശ്നങ്ങൾ ഈശോയുടെ തുറന്നിട്ടിരിക്കുന്ന ഹൃദയത്തിൽ സമർപ്പിക്കുകയും അവിടെ വസിക്കുകയും ചെയ്യുവിൻ.

41 കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കണം. എല്ലാ കുടുംബങ്ങളിലും എല്ലാവരുടെ ഹൃദയത്തിലും ചെറുപ്രായംമുതൽ ഈശോ ഭരണം നടത്തട്ടെ. അവി

ടുന്നായിരിക്കണം എല്ലാ കുടുംബങ്ങളുടെയും തലവൻ. ഈ പ്രതിഷ്ഠ കഴിക്കാത്ത ഒരു വീടും ഉണ്ടായിരിക്കരുത്.

42 നിങ്ങൾക്കു ക്ലേശങ്ങളുണ്ടോ? ഈശോയുടെ തിരുഹൃദയത്തിൽ അഭയം തേടുവിൻ. പരീക്ഷകളാൽ നിങ്ങൾ വലയുന്നുണ്ടോ? ഈശോയുടെ തിരുഹൃദയത്തെ സമീപിക്കുവിൻ. നിങ്ങളുടെ കുടുംബത്തിൽ സമാധാനമില്ലേ? ഈശോയുടെ തിരുഹൃദയത്തോടു യാചിക്കുവിൻ. നിങ്ങളുടെ കുടുംബങ്ങൾക്ക് ദൈവാനുഗ്രഹങ്ങൾ ആവശ്യമുണ്ടോ? ഈശോയുടെ തിരുഹൃദയത്തിന് കുടുംബവും മറ്റ് സമസ്തവും പ്രതിഷ്ഠിക്കുവിൻ.

43 ക്രിസ്തുരാജൻ എല്ലാ ഹൃദയങ്ങളിലും എല്ലാ കുടുംബങ്ങളിലും എല്ലായ്പ്പോഴും വാഴുന്നില്ലെങ്കിൽ, ഈശോയെ സക്രാരിയിൽ പൂട്ടിവയ്ക്കുകയോ പ്രാർത്ഥനാമുറിയിൽ മാത്രം അവിടുത്തേക്ക് സ്ഥാനം അനുവദിക്കുകയോ ചെയ്യുന്നുള്ളൂവെങ്കിൽ ക്രിസ്തീയകുടുംബങ്ങൾക്ക് ക്രിസ്തീയം എന്ന വിശേ.ണം ചേർച്ചയല്ല. കുടുംബജീവിതത്തിലുണ്ടാകുന്ന ഈ അധഃപതനത്തോടുകൂടെ കുടുംബവും സമുദായങ്ങളും നശിക്കുകതന്നെ ചെയ്യും.

44 ദേവാലയത്തിൽ പ്രകടമാകുന്ന സ്നേഹാഗ്നി വീട്ടിലേക്കു കൊണ്ടുപോയി കുടുംബമാകുന്ന ദേവാലയത്തിൽ ഊതിക്കത്തിക്കണം. സ്നേഹരാജാവായ ഈശോയെ, സ്വഭവനത്തിലേക്കു ക്ഷണിച്ച് നിങ്ങളുടെ കുടുംബത്തിലെ നിത്യരാജനായി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. അങ്ങനെ കുടുംബമാകുന്ന ദേവാലയവും സക്രാരിയും തമ്മിൽ ഗാഢമായ ഒരു ബന്ധം ഉളവാക്കണം.

45 അതീവശരണത്തോടെ ഈശോടുയെ തുറന്നിട്ടിരിക്കുന്ന ഹൃദയത്തിലേക്ക് പ്രവേശിക്കുകയും നിങ്ങളുടെ സങ്കടങ്ങളിലും കുരിശുകളിലും ജീവിതത്തിലും മരണത്തിലും അവിടെത്തന്നെ വസിക്കുകയും ചെയ്യുവിൻ.

46 തിരുഹൃദയത്തിന്റെ പടം വച്ച് വണങ്ങുന്ന എല്ലാ വീടുകളിലും പ്രത്യേകം അനുഗ്രഹവും ആശീർവാദവും ഉണ്ടാകും.

47 ഈശോയുടെ തിരുഹൃദയത്തിന്റെ രാജത്വം യഥാർത്ഥമായി അംഗീകരിക്കുന്നവരാരും ആ രാജാവിന്റെ ശത്രുക്കളെ സ്വഭവനത്തിൽ പ്രവേശിപ്പിക്കുകയില്ല. അവിടുത്തേക്ക് അനിഷ്ടമായി യാതൊന്നും ചെയ്യുകയുമില്ല.

48 വീടിന്റെ പ്രധാനമുറിയിൽ ഈശോയുടെ തിരുഹൃദയത്തിന്റെ രൂപംവച്ച് ആ രൂപത്തിന്റെ മുമ്പിൽ നിങ്ങളുടെ കുടുംബപ്രതിഷ്ഠ നടത്തുകയും നവീകരിക്കുകയും ചെയ്യണം.

49 എല്ലാ കുടുംബങ്ങളിലും സന്ധ്യാവേളയിൽ കൊന്തനമസ്കാരം ചൊല്ലേണ്ടതും കുടുംബാംഗങ്ങൾ എല്ലാവരും അതിൽ വന്നു സംബന്ധിക്കേണ്ടതുമാണ്.

50 വൈകുന്നേരം മുട്ടുകുത്തി കൊന്തനമസ്കാരം നടത്തി മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികൾക്കു മാതൃക നല്കണം. അതു രക്ഷാകരവും ഗുണപ്രദവുമായ ഒരു സമ്പ്രദായമാണ്. കുടുംബത്തിന് നിരവധി അനുഗ്രഹങ്ങൾ ലഭിക്കുവാനുതകുന്ന ഒരുത്തമ മാർഗ്ഗവുമാണിത്.

51 സിനിമയാകട്ടെ, നാടകങ്ങളാകട്ടെ, ഉല്ലാസങ്ങളാകട്ടെ, വിരുന്നുകളാകട്ടെ, തൊഴിലുകളാകട്ടെ ഇവയൊന്നും വീടുകളിലെ കൂട്ടമായ കൊന്തനമസ്കാരത്തിന് തടസ്സം വരുത്താതിരിക്കട്ടെ. കൊന്തവഴിയാണ് കുടുംബത്തെ ക്രിസ്തീയാരൂപിയിൽ നിലനിർത്തേണ്ടത്.

52 വാൾ പിടിച്ചിരിക്കുന്ന സൈന്യത്തെക്കാൾ

## ശക്തിമത്താണ് കൊന്തപിടിച്ചിരിക്കുന്ന കൈകൾ

# ബഹു. പിണക്കാട്ടച്ചന്റെ സൂക്തങ്ങൾ

1 പ്രാർത്ഥനയിൽ ദൈവത്തോടു കൂടുതൽ ബന്ധപ്പെടുക. അപ്പോൾ ദൈവത്തിന്റെ ഗുണങ്ങൾ നമ്മിലേക്കു വരും.

2 ജോലിത്തിരക്കിനിടയിൽ ദൈവം കൈവിട്ടുപോയാൽ ഉതിർന്നുവീഴുന്ന വെറും മണ്ണായിത്തീരും നാം. ജോലി വേണം. ഒപ്പം ആഴമേറിയ പ്രാർത്ഥനാചൈതന്യവും വേണം.

3 വിശുദ്ധബലിയുടെ പ്രാധാന്യം നാം മനസ്സിലാക്കണം. തണുപ്പാണ്, വഴിനടക്കണം, അതിനാൽ ഇവിടെയിരുന്ന് പ്രാർത്ഥിച്ചാൽമതി എന്ന് വിചാരിക്കരുത്. വി. ബലിക്കു തുല്യമായി മറ്റൊന്നില്ല. ബലിയെ സ്നേഹിക്കുക; ബലിയുടെ ജീവിതം നയിക്കുക. ഓരോ പ്രവൃത്തിയും അപ്പോൾ അർപ്പിക്കുന്ന ബലിയുടെ യോഗ്യതകളോടു ചേർത്ത് കാഴ്ചവയ്ക്കുക. വി. കുർബ്ബാനയിൽനിന്ന് ശക്തി സംഭരിച്ച് കുടുംബങ്ങളിലേക്കിറങ്ങി പ്രവർത്തിക്കണം.

4 നമ്മോടുള്ള സ്നേഹത്തെപ്രതി ഒരേ മേൽക്കൂരയിൽ നമ്മോടൊത്തുവസിക്കുന്ന ഈശോയെ തനിയെ ഇരുത്തരുത്. ഇടയ്ക്കിടെ വിസീത്ത

കഴിച്ച് നമ്മുടെ സ്നേഹം പ്രകടിപ്പിക്കണം. സക്രാരിയുടെ തണലിൽ സന്യാസം തഴച്ചു വളരുന്നു.

5 ധ്യാനം, പ്രത്യേകാത്മശോധന, ദൈവസാന്നിദ്ധ്യസ്മരണ, ശുദ്ധനിയോഗം, അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം, സുകൃതജപങ്ങൾ ഇവയെല്ലാം പരിശീലനത്തിന്റെ ആദ്യകാലങ്ങളിൽ പഠിച്ചത് തുടരണം. ഇവയാണ് വിശുദ്ധിയുടെ പടികൾ.

6 നല്ല പുസ്തകങ്ങളുടെ വായന ആദ്ധ്യാത്മികജീവിതത്തെ വളർത്തും. ധാരാളം പുസ്തകങ്ങൾ വായിക്കണം. വിശുദ്ധരുടെ ജീവചരിത്രങ്ങളും വായിക്കണം, ധ്യാനവിഷയമാക്കണം, അനുകരിക്കണം. ദിവസം അരമണിക്കൂറെങ്കിലും പഠനത്തിനു വിനിയോഗിക്കണം. അറിവു സമ്പാദിക്കണം.

7 ബൈബിൾ കഴിഞ്ഞാൽ ക്രിസ്താനുകരണം ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാണ്. അത് ധാരാളമായി വായിക്കണം. ക്രിസ്തുവിനെ അടുത്തനുകരിക്കുവാൻ ഇതു നമ്മെ സഹായിക്കും.

8 സമ്പത്തിന്റെ കുറവുകൊണ്ട് സന്ന്യാസത്തിലേക്കുള്ള വിളി ആരുടേതും ഒരിക്കലും നഷ്ടപ്പെടുത്തിക്കളയരുത്. ഉള്ളവരും ഇല്ലാത്തവരും സഭയിൽ ഒരുപോലെ കരുതപ്പെടണം.

9 നൊവിഷ്യേറ്റുകാലം സക്രാരിയുമായി അഭേദ്യബന്ധം സ്ഥാപിക്കേണ്ട കാലമാണ്. ഈ കാലഘട്ടത്തിൽ വളരെ ആഴത്തിലുള്ള ഒരു ബന്ധം സക്രാരിയിലെ ഈശോയുടമായി ഉണ്ടായാൽ ഏതു ജോലിത്തിരക്കിൽപ്പെട്ടാലും ഈശോയുമായുള്ള വൈയക്തികബന്ധത്തിന് ഉലച്ചിൽ തട്ടുകയില്ല. ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടെ ഈശോയെ സമീപിക്കുക.

10 ഞാൻ സഭയിലേക്കു വന്നിരിക്കുന്നത് ഒരു വിശുദ്ധയാകാനാണ് എന്ന വിചാരം ഉണ്ടായിരിക്കണം. ഒരു വിശുദ്ധയാണെങ്കിൽ ഈ പ്രവൃത്തി എങ്ങനെ ചെയ്യുമെന്നോർത്ത് ഓരോന്നും ചെയ്യണം.

11 ആദ്യത്തെ അംഗങ്ങളിൽനിന്നു കിട്ടിയ ചൈതന്യം തുടർന്നുകൊണ്ടുപോകേണ്ടത് പിന്നീടുവരുന്ന തലമുറകളുടെ ചുമതലയാണ്.

12 നല്ല ദൈവവിളികൾക്കായി പ്രാർത്ഥിക്കുക.

രൂപതാദ്ധ്യക്ഷന്റെയും വികാരിയുടെയും സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

13 കായുണ്ടാകണമെങ്കിൽ പൂവ് വിടരുകയും കൊഴിയുകയും ചെയ്യണം. നമ്മുടെ സന്ന്യാസം ഫലമണിയണമെങ്കിൽ ആദ്യം ദൈവത്തിലേക്കു വിടരണം, എന്നിട്ട് സഹോദരങ്ങളിലേക്കു കൊഴിയണം.

14 സമൂഹത്തിൽനിന്ന് പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും ചൈതന്യം സ്വന്തമാക്കി, ആ ചൈതന്യത്തോടുകൂടി വേണം കുടുംബങ്ങളിലേക്കു കടന്നുചെല്ലാൻ. പാവങ്ങളോട് അനുകമ്പയും സ്നേഹവും കാണിക്കണം. അവരെ ഒരിക്കലും നാം ഉപേക്ഷിക്കരുത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുംവഴി സഹായം സംഭരിച്ച് അർഹിക്കുന്നവർക്കു നിർലോഭം കൊടുക്കുക. ആരെയും വെറുംകയ്യോടെ വിടരുത്.

15 ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയും കുടുംബങ്ങളുടെയും നാടിന്റെയും സമുദായത്തിന്റെയും നന്മയ്ക്കുവേണ്ടിയും നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കുക. കാലത്തിന്റെ അടയാളങ്ങൾ, ജനങ്ങളുടെ ആവശ്യങ്ങൾ ഇവയ

നുസരിച്ചായിരിക്കണം നമ്മുടെ പ്രവർത്തനമ ണ്ഡലങ്ങൾ.

16 വലിയവരെന്നോ ചെറിയവരെന്നോ നോക്കാതെ എല്ലാവർക്കും നന്മ ചെയ്യണം. ജനങ്ങളുമായയി സമ്പർക്കം വേണം. അവർ ആരാണ്, എങ്ങനെ കഴിയുന്നു എന്നൊക്കെ അറിയണം. കുടുംബസസന്ദർശനം നിങ്ങൾ കൃത്യമായി നടത്തണം. അതൊരു സായാഹ്ന സവാരി ആയിരിക്കരുത്.

17 ഭവനസന്ദർശനം നടത്തി അമ്മമാർക്കും കുട്ടി കൾക്കും എല്ലാം പറഞ്ഞുകൊടുക്കണം. അവർ വഴിതെറ്റിപ്പോകാനുള്ള സാധ്യത ഏറി വരികയാണ്. ഒരു ഉത്തമകുടുംബിനി എങ്ങ നെയായിരിക്കണമെന്ന് അമ്മമാർക്കു പറഞ്ഞു കൊടുക്കണം.

18 കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുക. അവർക്കുവേണ്ടി എന്തും ചെയ്യുക. അനാഥ ക്കുട്ടികൾക്ക് ഒരു മാതാവും പിതാവും സഹോ ദരനും സഹോദരിയും എല്ലാമായി അവരെ സഹായിക്കുക, വളർത്തി വലുതാക്കുക, ആദ്ധ്യാത്മികതയിൽ വളർത്തുക.

19 പാപികളുടെ മാനസാന്തരത്തിനായി ധാരാളം പ്രാർത്ഥിക്കുക. വളരെയധികം പ്രവർത്തിക്കാൻ സാധിക്കാത്തവർക്കും വി. കൊച്ചുത്രേസ്യായെപ്പോലെ പ്രാർത്ഥനയിലൂടെയും ത്യാഗത്തിലൂടെയും സഹനത്തിലൂടെയും ക്ഷമയിലൂടെയും വിട്ടുവീഴ്ചാമനോഭാവത്തിലൂടെയും മറ്റുള്ളവരെ സഹായിക്കാൻ സാധിക്കും. കത്തിയെരിഞ്ഞ് അവസാനിക്കുന്ന മെഴുകുതിരിപോലെ മറ്റുള്ളവർക്കായി എരിഞ്ഞടങ്ങി അവരെയും അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു നയിക്കുമ്പോൾ നമ്മുടെ ജീവിതവും ഫലവത്തായിത്തീരുന്നു.

20 ചെളിയിൽ വീണവരെ പിടിച്ചുകയറ്റാനുള്ള ശ്രമത്തിൽ നമ്മൾതന്നെ ചെളിയിൽ വീഴാതിരിക്കുവാൻ ശ്രദ്ധിക്കണം. നല്ലയിടയന്റെ മനോഭാവത്തോടെ വഴിതെറ്റിയവരെ അന്വേഷിച്ചു പോകണം. അവരെ കാണുമ്പോൾ സ്നേഹപൂർവ്വം സ്വീകരിച്ചുകൊണ്ടുവരണം. അതാണു നമ്മുടെ കടമ. ആത്മാക്കളുടെ രക്ഷയിൽ തീക്ഷ്ണത വേണം.

21 മിഷൻപ്രവർത്തനം നമ്മുടെ ഒരു പ്രത്യേക ദൗത്യമാണ്. അതുകൊണ്ട് മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. എവിടെച്ചെ

ന്നാലും അവിടുത്തെ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരണം. എല്ലാ പ്രവർത്തനരംഗങ്ങളും കുടുംബങ്ങളിലേക്കു കടന്നുചെല്ലാനുള്ള വേദിയാക്കണം.

22 വൈദികരെ സഹായിക്കു, ശുശ്രൂഷിക്കുക, അവർ ദൈവപ്രതിനിധികളാണ്.

23 നമ്മുടെ സ്ഥാപനങ്ങളിൽ വരുന്നവർക്ക് ശുശ്രൂഷ ചെയ്യാനാണ് നമ്മെ ദൈവം നിയോഗിച്ചിരിക്കുന്നത്. അവരെ ശ്രവിക്കണം, സ്നേഹിക്കണം.

24 'ഞാൻ ഒന്നുമല്ല എനിക്കൊന്നുമില്ല; എന്നെക്കൊണ്ടൊന്നും സാധിക്കുകയുമില്ല. എന്നാൽ കർത്താവിന്റെ കൃപയാൽ എനിക്കെല്ലാം സാധിക്കും. ഇതായിരിക്കണം നമ്മുടെ ജീവിതത്തിന്റെ ആപ്തവാക്യം.

25 നിങ്ങളുടെ പേരും പെരുമയുമല്ല, ഈശോയുടെ പേര് നിങ്ങളിലൂടെ മഹത്വീകൃതമാകുവാൻ ശ്രമിക്കണം. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയാകണം. സ്ഥാനമാനങ്ങൾക്കുവേണ്ടി ആഗ്രഹിക്കരുത്. സ്വർഗ്ഗത്തിൽ പോകുന്നതിന് അതൊന്നും വേണ്ട.

26 നമ്മൾ മറ്റുള്ളവരുമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവർക്കു നമ്മോളമെങ്കിലും അറിവും കഴിവും ഉണ്ടെന്നു സമ്മതിക്കാനുള്ള എളിമയും ഹൃദയവിശാലതയും ഉണ്ടായിരിക്കണം.

27 എളിമയിൽ ആരംഭിച്ച്, അനുസരണത്തിൽ വളർന്ന് സഹനത്തിൽ അവസാനിച്ചതായിരുന്നു ഈശോയുടെ ജീവിതം. നമ്മുടെ ജീവിതവും ഇതുപോലെ ആയിരിക്കണം.

28 ദൈവത്തിന്റെ മുമ്പിൽ നാം ഒന്നുമല്ല എന്ന ചിന്തയിലേക്കു വളരുമ്പോൾ ശാന്തതയിലേക്കു വരുന്നു. നമ്മെ കാണുന്നവർക്കു നാം ദൈവികമനുഷ്യരാണെന്നു തോന്നണം. തിരുക്കുടുംബാംഗങ്ങളുടെ വിനീതഭാവം നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും തെളിഞ്ഞുനിൽക്കട്ടെ.

29 ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറ എളിമയാണെന്ന ബോധ്യം നിങ്ങളിൽ വേരുറയ്ക്കട്ടെ. എളിമയോടെ ദൈവത്തിൽ ആശ്രയിക്കുക. അവിടുന്ന് എല്ലാ കാര്യങ്ങളും നടത്തിക്കൊള്ളും.

30 സമർപ്പിതരുടെ ജീവിതം ഏവർക്കും മാതൃക യാകണം. കാലോചിതമായി നാം സ്വീകരിക്കേ ണ്ടിവരുന്ന ജീവിതസൗകര്യങ്ങൾ സുഖലോ ലുപതയ്ക്കുള്ള ഒരു ഉപാധിയായിട്ടല്ല, സഭാ സേവനത്തിനുള്ള ഒരു സഹായമായിട്ടാണ് സ്വീകരിക്കേണ്ടത്.

31 ദൈവത്തിനും രാജ്യത്തിനും വേണ്ടി ജീവിക്കു ക. തന്റെ കീഴിലുള്ളവരെ ഏകോപിപ്പിച്ച്, ഒന്നിച്ചു സ്നേഹിച്ചു ജീവിക്കുവാൻ പ്രേരിപ്പി ക്കുകയാണ് അധികാരിയുടെ ജോലി.

32 രൂപതാനിയങ്ങൾ കാനൻനിയമം, സഭാനി യമം എല്ലാം പഠിക്കണം. അവയെല്ലാം അനു സരിക്കുകയും വേണം.

33 അധികാരികൾ ദൈവത്തിന്റെ പ്രതിനിധികളാ ണ്. അവരെ നാം അനുസരിക്കണം. അനുസ രിച്ചാൽ നമുക്കു തെറ്റുപറ്റുകയില്ല എന്നോർക്ക ണം. അധികാരികൾ ഏല്പിക്കുന്ന ഉത്തരവാ ദിത്വങ്ങളോട് വിശ്വസ്തരായിരുന്ന് അത് നിർവ്വ ഹിക്കുക. അവിടെ ദൈവാനുഗ്രഹം സമൃദ്ധി യായി വർഷിക്കപ്പെടും.

34 ഇഷ്ടപ്പെട്ട ന്യായമായ അധികാരികളെ എന്ന പോലെ മറിച്ച് സംഭവിക്കുമ്പോഴും നമ്മുടെ

അനുസരണം പൂർണ്ണമായിരിക്കണം. അനുസരണത്തിൽ വളർന്ന്, വിനയത്തിൽ വേരുറപ്പിക്കപ്പെട്ട ജീവിതം ഒരിക്കലും തകരുകയില്ല.

35 അധികാരികൾ ജോലി ഏല്പിക്കുമ്പോൾ, സ്ഥലംമാറ്റം തരുമ്പോൾ എനിക്കു പറ്റില്ല എന്നു പറയരുത്. അവർ ഒത്തിരി ചിന്തിച്ചും പ്രാർത്ഥിച്ചും ആലോചിച്ചുമാണ് നിങ്ങളോടു പറയുന്നത്. നിർബന്ധിച്ച് ഒരനുവാദവും വാങ്ങരുത്. നമുക്കു സമാധാനം വേണമെങ്കിൽ 'കർത്താവേ നിന്റെ ഇഷ്ടം നിറവേറട്ടെ എന്നു പറയണം.'

36 ജോലിയെ അവമാനമായി കാണരുത്; അഭിമാനമായി കണക്കാക്കണം. അനുദിനജോലികൾ മടികൂടാതെ തീക്ഷ്ണതയോടെ ചെയ്യണം. അലസത ഒരിക്കലും പാടില്ല. അത് വ്രതപാലനത്തിന് തടസ്സം സൃഷ്ടിക്കും. ജോലി ചെയ്യിക്കുന്നവരാകാതെ ജോലി ചെയ്തുകൊണ്ട് അദ്ധ്വാനത്തിന്റെ മാഹാത്മ്യം ലോകത്തിനു മനസ്സിലാക്കിക്കൊടുക്കണം.

37 ഒരു ജോലിയും ചെറുതല്ല; അത് അതിൽത്തന്നെ മഹത്തരമാണ്.

38 വിളി എപ്പോഴും സമൂഹത്തോടു ബന്ധപ്പെട്ടാണിരിക്കുന്നത്. എപ്പോഴും സമൂഹത്തോട് ഒന്നിച്ചായിരിക്കാൻ ശ്രദ്ധിക്കണം. തെറ്റിദ്ധാരണയുടെയും തിരസ്കരണത്തിന്റെയും വഴി മഹത്വത്തിന്റെ വഴിയാണ്. തിരസ്കരമത്തിൽ അമിതമായി ദുഃഖിക്കരുത്. പുഞ്ചിരിയോടെ എല്ലാം സ്വീകരിക്കാൻ പഠിക്കണം. പീലാത്തോസിന്റെ മുമ്പിൽ നിന്ന ഈശോയുടെ മനോഭാവമായിരിക്കണം നമ്മുടേത്.

39 തെറ്റുദ്ധാരണകളും അവഗണനകളും സന്തോഷപൂർവ്വം സ്വീകരിക്കാൻ മാതാവിന്റെയും ഈശോയുടെയും മാതൃക പ്രചോദനമാകണം. തമ്പുരാനറിയാതെ ഒന്നും സംഭവിക്കുകയില്ല. വിവേകപൂർണ്ണമായ മൗനമാണ് സ്നേഹരഹിതമായ സംഭാഷണത്തെക്കാൾ അഭിനന്ദനീയം.

40 എല്ലാം അറിയാവുന്നവരും ഒന്നും അറിഞ്ഞുകൂടാത്തവരും ആരുമില്ല. എല്ലാം പങ്കുവയ്ക്കണം. എനിക്കെന്തു കിട്ടും എന്നു നോക്കാതെ, മറ്റുള്ളവർക്കുവേണ്ടി എനിക്കെന്തു ചെയ്യാനാകും എന്നോർത്ത് ചെയ്യുക.

41 സ്വന്തം കുടുംബമാഹാത്മ്യം പറഞ്ഞുനടക്കുന്നത് ആർക്കും ഭൂഷണമല്ല; സംസാരത്തിൽ

ഒരിക്കലും പൊങ്ങച്ചം കടന്നുകൂടാതിരിക്കുവാൻ ശ്രദ്ധിക്കുക.

42 സമൂഹത്തിൽ അദ്ധ്വാനവും ആലോചനയും പ്രോത്സാഹനവും ഏറ്റവും ആവശ്യമാണ്. പ്രധാനപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരുമായി ആലോചിച്ചുചെയ്യുക. എല്ലാവർക്കും കഴിവുകളുണ്ടെന്ന് അംഗീകരിച്ച് പരസ്പരം പ്രോത്സാഹിപ്പിക്കണം, വളർത്തണം.

43 ആരെയും മുറിപ്പെടുത്തുന്ന ഒന്നും നമ്മിൽ നിന്നുണ്ടാകാതിരിക്കട്ടെ. ആരുടെയെങ്കിലും കുറ്റം പറയാൻ തോന്നുമ്പോൾ ചിന്തിക്കുക; ഇതു പറയുന്നതുകൊണ്ട് പറയുന്ന ആൾക്കോ കേൾക്കുന്ന ആൾക്കോ, ആരെപ്പറ്റി പറയുന്നുവോ അവർക്കോ എന്തെങ്കിലും ഗുണം കിട്ടുമോ?

44 ഒരു കാര്യവും അറിയാൻ തിടുക്കം കൂട്ടരുത്. അത് സമൂഹജീവിതത്തെ നശിപ്പിക്കും.

45 കുടുംബാരൂപി പാലിക്കുക, ഇതെന്റെ വീടാണ്, ഇവിടെയുള്ളവർ അന്യരല്ല എന്ന ചിന്തയോടെ പരസ്പരം സ്നേഹിക്കുകയും ക്ഷമിക്കുകയും സഹായിക്കുകയും ചെയ്യുക.

സ്നേഹിക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കാനും, അംഗീകരിക്കപ്പെടുന്നതിനേക്കാൾ അംഗീകരിക്കാനും പരിശ്രമിക്കുക.

46 എല്ലാവരും ജീവിക്കുന്നതുപോലെ ജീവിക്കാൻ വന്നവരല്ല സമർപ്പിതർ. ദരിദ്രനായ ഈശോയുടെ അനുഭവമാണ് അവിടുത്തെ മണവാട്ടിക്കും ഉണ്ടാകേണ്ടത്. പണം അധികം വേണ്ട, ആവശ്യങ്ങൾ നടക്കണം, പണക്കാരാകേണ്ട.

47 അളന്നുതൂക്കിയാണ് ദൈവം നമുക്കു സഹനം തരുന്നത്. കർത്താവിനെപ്രതി സഹിക്കുക നമ്മുടെ അവകാശമാണ്. സന്യാസം എന്നു പറഞ്ഞാൽ ത്യാഗത്തിന്റെ ജീവിതമാണ്.

48 നിങ്ങൾ ഒരിക്കലും ആവലാതി പറയരുത്; ചൂട്, തണുപ്പ്, പ്രതികൂലകാലാവസ്ഥ ഇവയൊക്കെ ആവലാതി പറയാതെ സ്വീകരിക്കണം. രോഗാവസ്ഥയിൽ സന്തോഷമുള്ള മുഖത്തോടുകൂടി ആയിരിക്കുക. വേദനകൾ കർത്താവിന്റെ പീഡാനുഭവത്തോട് ചേർത്തു കാഴ്ചവയ്ക്കുക.

49 സഭയുടെ ആരംഭകാലത്ത് സാമ്പത്തികസഹായം ചെയ്തവരും പ്രാർത്ഥനകൊണ്ട് സഹായിച്ചവരുമായ ഒത്തിരിപ്പേരുണ്ട്. അവരെ

നിങ്ങൾ ഒരിക്കലും മറക്കരുത്. ഉപകാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഒരിക്കലും മുടക്കരുത്.

50 ജീവിതത്തിലെ പരാജയങ്ങളാണ് പലപ്പോഴും ജീവിത വിജയത്തിന് കാരണമാകുക. ദൈവത്തിൽ വിശ്വസിക്കുന്നതോടൊപ്പം മനുഷ്യരിലും വിശ്വസിക്കുക.

51 ഞാൻ എവിടെ ആയിരിക്കുന്നുവോ അവിടെ സ്നേഹത്തിന്റെ കൈത്തിരിയായി മാറുക. അന്നന്നു ചെയ്യേണ്ട കാര്യങ്ങൾ അന്നന്നു ചെയ്യുക. നാളെ, നാളെ എന്നു നീട്ടിവച്ചാൽ ആ നാളെ ഉണ്ടാവുകയില്ല.

52 ആശയടക്കം വേണം. ത്യാഗത്തിനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തരുത്. എപ്പോഴും സത്യസന്ധമായി പെരുമാറണം. തമാശയ്ക്കുപോലും നുണ പറയരുത്.

53 സ്വന്തം ആരോഗ്യത്തിന്റെയും സുഖസൗകര്യത്തിന്റെയും കാര്യത്തിൽ ഒട്ടും ഉത്ക്കണ്ഠ വേണ്ട.

54 നമുക്കുവേണ്ടി ജോലിചെയ്യുന്നവരോട് പരിഗണനയും സ്നേഹവും ഉണ്ടായിരിക്കണം.

55 നന്ദി പ്രതീക്ഷിക്കാതെ നന്മ ചെയ്യുക.

# ബഹു. മോൺ. മാത്യു മങ്കുഴിക്കരിയച്ചന്റെ സൂക്തങ്ങൾ

1 തിരുസഭയുടെ നിർദ്ദേശങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് കാലാനുസൃതമായ മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരുക നസ്രത്തു സഭയുടെ ലക്ഷ്യമാണ്. ഓരോ കാലത്ത് ദൈവത്തിന്റെ ഹിതം ഓരോരുത്തർ വഴി വ്യക്തമാക്കുന്നു. ദൈവാനുഗ്രഹത്തിന്റെ ഒരു പ്രവൃത്തിയാണ് നമ്മുടെ സഭ.

2 നാം എപ്പോഴും തിരുക്കുടുംബത്തിന്റെ സംരക്ഷണത്തിൽ ആശ്രയിക്കണം. ആ ചൈതന്യം ഉൾക്കൊള്ളാനും ശ്രമിക്കണം. തിരുക്കുടുംബമാണ് ഈ വിളിയിൽ നമ്മെ വളർത്തേണ്ടതും സംരക്ഷിക്കേണ്ടതും.

3 നസ്രത്തു സഹോദരിയുടെ മുഖമുദ്ര എളിമയാണ്. നസ്രത്തിലെ എളിമ, നസ്രത്തിലെ സ്നേഹം ഇതാണ് നമ്മുടെ ചൈതന്യം. വലിയ പ്രവർത്തനങ്ങൾക്കുവേണ്ടി ബഹളം കൂട്ടരുത്. ലളിതവും വിനീതവുമായ സേവനരംഗങ്ങൾ സന്തോഷകരമാകണം.

4 നസ്രസത്തു സഹോദരി നസ്രസത്തിലെ അമ്മയുടെ നല്ല മകളായിരിക്കണം. എല്ലാ ജീവിതാനുഭവങ്ങളിലും കർത്താവിന്റെ ദാസിയായി വർത്തിക്കാം. കുരിശിന്റെ കീഴിൽ നിൽക്കുകയും കുരിശിന്റെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യാം. മുൾക്കിരീടം ചൂടിയ കുരിശിനു താഴെ സുഖിക്കാൻ കഴിയുന്ന അവയവമുണ്ടോ? സഹനം കന്യകയുടെ അവകാശമാണ്. മണവാളന്റെ ഓഹരിയിൽ പങ്കുചേരാനുള്ള അവസരം.

5 നസ്രസത്തിലെ സ്നേഹാധിക്യം നസ്രസത്തു സഹോദരിയിലുണ്ടായാലേ അവൾ പൂർണ്ണതയിൽ വളരൂ. കർത്താവിനോടുകൂടി രക്ഷയുടെ വഴിയിൽ പ്രവർത്തിക്കാനുള്ളവരാണ് നമ്മൾ.

6 നസ്രസത്തിലെ കുടുംബത്തിൽ ആഡംബരവും ആർഭാടവും ഒന്നുമുണ്ടായിരുന്നില്ല. അതുപോലെയായിരിക്കണം നമ്മുടെ സ്ഥാപനങ്ങളും കെട്ടിടങ്ങളും ജീവിതരീതികുളുമെല്ലാം.

7 നസ്രസത്തു സഭ ഇത്രയും വളർന്നത് എല്ലാവരും കൂടി പരിശ്രമിച്ചതിന്റെ ഫലമാണ്; ക്ലേശിച്ചു പണിയെടുത്തതിന്റെ ഫലമാണ്. ആ ചൈതന്യം കളയാതെ ഒരുമിച്ച് എപ്പോഴും പ്രവർത്തിക്കണം.

8 ഞാൻ ഒരു നസ്രത്ത് കന്യകയാണ് എന്നതിൽ തൃപ്തിപ്പെട്ടില്ലെങ്കിൽ പിന്നെ ഒന്നുകൊണ്ടും തൃപ്തിപ്പെടില്ല. നസ്രത്തിലേക്കുള്ള വിളി ഒരു ഭാഗ്യമാണ്, ആനന്ദമാണ്, ആകയാൽ ഓരോ ദിവസവും ഈ വിളിക്ക് ദൈവത്തിന് നന്ദി പറയണം.

9 മറ്റു സഭകളിൽ നിന്ന് വ്യത്യസ്തമായ ഒരു സേവനരംഗമാണ് നസ്രത്തു സഭയ്ക്ക് ദൈവം കാണിച്ചു തന്നിരിക്കുന്നത്. കുടുംബങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ളതാണ് നസ്രത്തു സഭ. വളരെ വിപുലമായി, ്തിർത്തിയില്ലാത്ത ഒരു സേവനരംഗം.

10 അന്നത്തെ ലോകത്തെ രക്ഷിക്കാൻ അന്നു നസ്രത്തുണ്ടായി. ഇന്നത്തെ ലോകത്തെ രക്ഷിക്കാൻ ഇന്നു നസ്രത്തുണ്ടായിരിക്കുന്നു. നസ്രത്തു സഭയുടെ പ്രവർത്തനം രക്ഷകനായ ഈശോയെ അനുകരിച്ച് കുടുംബങ്ങളെ ആസ്പദമാക്കിയാണ്.

11 നസ്രത്തുസന്യാസസഭയിലേക്കുള്ള വിളി കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുള്ള വിളിയാണ്. 'ഓരോ കുടുംബവും എന്റെ കുടുംബമാണ്. കുടുംബങ്ങൾക്കുവേണ്ടി എനിക്കു

കഴിയുന്നതെല്ലാം ചെയ്യണം' എന്ന ചിന്ത വേണം. നസ്രത്തു സഹോദരിയുടെ അലസതയും മടിയും മൂലലം ഒരു കുടുംബം പോലും നശിക്കുവാൻ ഇടയാകരുത്.

12 നശിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. എന്നാൽ, ഇതു നമ്മുടെ കമയാണെന്ന് ഓർക്കുന്നില്ല, ഇതിനായി സമയം മാറ്റി വയ്ക്കുന്നില്ല. ഇതോർക്കുമ്പോൾ എനിക്ക് ഒത്തിരി സങ്കടമാണ്. ഇതിനു നിങ്ങൾ സമയമുണ്ടാക്കുന്നില്ലെങ്കിൽ ഇന്ന് നമ്മുടെ മഠത്തിലേക്കു വരുന്ന കുഞ്ഞുങ്ങളോട് ചെയ്യുന്ന വലിയ അപരാധമാണ്. സ്ഥാപനങ്ങൾ വർദ്ധിപ്പിച്ച് അതിൽ സിസ്റ്റേഴ്സിനെ ഒതുക്കുന്നു. ജീവിതമാർഗ്ഗം വേണ്ടേ എന്നു നിങ്ങൾ ചോദിച്ചേക്കാം. ഈ സ്ഥാപനങ്ങൾ ഉണ്ടാകുന്നതിനു മുമ്പും നമ്മൾ ജീവിച്ചിരുന്നു. കുടുംബത്തിനുണ്ടാകുന്ന നാശത്തിൽ നിന്ന് അതിനെ രക്ഷിക്കാനാണ് ദൈവം നമ്മുടെ സഭ ആരംഭിച്ചത്. ഇതു നിങ്ങളോടു പറയാൻ കർത്താവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു.

13 നമ്മുടെയൊക്കെ ഹൃദയങ്ങളിലും സന്യാസ സഭവനങ്ങളിലും നാമനുഭവിക്കുന്ന സന്തോ

ഷവും സ്നേഹവും സമാധാനവും മറ്റു കുടുംബങ്ങളിലും എത്തിച്ചു കൊടുക്കുവാൻ ഭവനസന്ദർശനം വഴി ശ്രമിക്കണം. നസ്രത്തു സഹോദരി സ്വന്തം ഭവനത്തിൽ കിടന്നല്ല മരിക്കേണ്ടത്. ഭവനസന്ദർശനത്തിനു പോകുന്ന വഴിയിലോ സന്ദർശിക്കുന്ന ഒരു വീട്ടിലോ വച്ചായിരിക്കണം. അതൊരു ഭാഗ്യമായി കരുതണം.

14 കർമലീത്തക്കാർ വിദ്യാലയത്തിലേക്കും ധർമഗിരിക്കാർ ആശുപത്രിയിലേക്കും ഓടുന്നതുപോലെ നസ്രത്തുകാർ പ്രേഷിതതീക്ഷ്ണതയോടെ കുടുംബഹ്ങളിലേക്കു പോകണം. അവർ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് കുടുംബങ്ങൾക്കുവേണ്ടി ആയിരിക്കണം.

15 പത്രം വായിക്കുന്നതിൽ പ്രാർത്ഥനയുണ്ട്. മരിച്ചവരുടെ ലിസ്റ്റു കാണുമ്പോൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം. രാഷ്ട്രീയ സമ്മേളനങ്ങളുടെ വിവരണം കാണുമ്പോൾ അവർക്കുവേണ്ടിയും പ്രാർത്ഥിക്കണം. അപ്പോൾ നമ്മുടെ പത്രവായന പ്രാർത്ഥനയോടുകൂടിയുള്ളതായിരിക്കണം. രക്ഷയുടെ ഫലം, കർത്താവിന്റെ തിരുരക്തത്തിന്റെ ഫലം

എങ്ങനെ ലോകത്തിൽ പ്രവർത്തിക്കുന്നു എന്നറിയാൻ വേണ്ടിയാണ് പത്രം വായിക്കുന്നത്.

16 ഇടവകയിൽ ഒരു ഭവനമുണ്ടായാൽ ആ ഭവനത്തിന്റെ പ്രധാനപ്പെട്ട ചുമതല ഇടവകയെ സേവിക്കുകയാണ്. ഇടവകയെ സേവിക്കണമെങ്കിൽ അടവകയെ പഠിക്കണം. അവിടെയുള്ള ജനങ്ങളിലേക്ക് എന്തുമാത്രം ഇറങ്ങി ചെല്ലുമോ അത്രമാത്രം ശ്രേഷ്ഠമായിരിക്കും, ഫലദായകമായിരിക്കും നമ്മുടെ പ്രവർത്തനങ്ങൾ. ആ നാടിന്റെ സർവ്വേ പ്ലാൻ ആയിരിക്കണം നമ്മുടെ ഭിത്തിയിൽ. അവിടുത്തെ ഭവനങ്ങൾ അതിൽ അടയാളപ്പെടുത്തിയിരിക്കണം.

17 വീടുകൾതോറും പോകാൻ ഒരു ഗ്രൂപ്പ് സിസ്റ്റേഴ്സ് നമ്മുടെ ഓരോ ഭവനത്തിലും ഉണ്ടാകണം. ഭവന സന്ദർശനം നമ്മുടെ ുമൃേ ശോല യൗശെിലൈ ആയാൽ പോരാ. മറ്റു ജോലികൾക്കൊക്കെ നമ്മൾ സിസ്റ്റേഴ്സിനെ നിയമിക്കുന്നില്ലേ.

18 ഒരു ആത്മാവിനുവേണ്ടി എത്ര വെയിലുകൊണ്ടാലും മഴ കൊണ്ടാലും അധികമാവില്ല. ഒരു

ആത്മാവിന്റെ വില അത്ര അധികമാണ്. പാവപ്പെട്ടവരുടെ പക്കലേക്കു പോകാൻ നസ്രത്തു സഹോദരികൾ സമയം കണ്ടെത്തണം, സന്തോഷം കണ്ടെത്തണം. ആർക്കും വേണ്ടാത്തവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാനാണ് നമ്മൾ നസ്രത്തിലേക്ക് വന്നത്. ഈ ചിന്തയോടുകൂടി ജീവിക്കാതെ നമ്മൾ ദൈവത്തിന്റെ മുമ്പിൽ നീതീകരിക്കപ്പെടുകയില്ല.

19 ഈശോയുടെ തിരിരക്തത്തിന്റെ രക്ഷാകരഫലം പങ്കുവച്ചു കൊടുക്കാനുള്ള ശ്രമം ആയിരിക്കണം നമ്മുടെ സന്യാസഭവനം ഒരു ഇടവകയിൽ ചെയ്യേണ്ടത്. നമ്മൾ പ്രവർത്തനവിജയം ലക്ഷ്യംവച്ചാൽ നസ്രായനെ പരാജയപ്പെടുത്തുകയും പിശാചിനെ വിജയിപ്പിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾക്ക്, മക്കൾക്ക്, അമ്മമാർക്ക്, യുവജനങ്ങൾക്കൊക്കെ നിങ്ങൾ സെമിനാറുകളും ധൈര്യ ക്ലാസ്സുകളും കൊടുക്കണം. ഇടവകയിൽ വിവാഹം കഴിക്കാനുള്ളവർക്കുവേണ്ടി 'ദൈവവിളി ധ്യാനം' നടത്തുകയെന്നത് നസ്രത്തുകാരുടെ പ്രത്യേകതയാകണം. മാതൃസംഘം പോലെ പിതൃസംഘങ്ങളും സ്ഥാപിക്കണം.

20 സന്ന്യസ്തസഹോദരികളുടെ പ്രവർത്തനരംഗം കുടുംബമാണ്. പള്ളിക്കൂടം നടത്തിയാലും ആശുപത്രി ജോലി ചെയ്താലും കുടുംബങ്ങളിലേക്ക് എത്തണം. പള്ളിക്കൂടവും ആശുപത്രിയുമൊക്കെ കയ്യും കാലുമേ ആകുന്നുള്ളൂ. ഹൃദയത്തിലേക്ക് കടക്കണം. ഹൃദയം കുടുംബമാണ്.

21 നാം ഈശോയെ സ്നേഹിക്കുന്നെങ്കിൽ അതു വ്യക്തമാക്കേണ്ടത് എല്ലാവരെയും ഈശോയുടെ സ്നേഹത്തിലേക്ക് ആകർഷിച്ചുകൊണ്ടാണ്. എല്ലാവരെയും ഈശോയുടെ രക്ഷാകരസ്നേഹം അനുഭവിപ്പിക്കാൻ നാം സന്നദ്ധരാകണം. ഇതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടും ത്യാഗവും സസന്തോഷം സ്വീകരിക്കണം.

22 ജീവിതത്തിന്റെ () ആണ് ധ്യാനം. അതു പൊട്ടിയാൽ ജീവിതം തകരും. അതിനു പകരം വയ്ക്കാൻ മറ്റൊന്നുമില്ല. സന്ന്യാസജീവിതത്തിൽ വരുന്ന പരാജയത്തിന്റെ അടിസ്ഥാനപരമായ കാരണം ധ്യാനത്തിന്റെ പോരായ്മയാണ്.

23 ആദ്ധ്യാത്മിക ഗ്രന്ഥപാരായണം ധ്യാനമാ

കുന്ന വിളക്കിൽ പകരുന്ന എണ്ണയാണ്. ധാരാളം വായിച്ചാൽ ധ്യാനിക്കാൻ ധാരാളം ആശയം കിട്ടും.

24 ആത്മശോധന ഒരു ചടങ്ങായി കണ്ടാൽ പോരാ. വിധിയാളന്റെ മുമ്പിൽ എന്റെ കണക്കു കേൾപ്പിക്കുന്ന നിമിഷമാണെന്ന വിചാരം വേണം. ശരിയായ ദിവസവും ആത്മശോധന ചെയ്യുന്നത് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലക്ഷണമാണ്.

25 ദിവ്യകാരുണ്യ സന്നിധിയിലിരുന്ന് ലോകം മുഴുവനുവേണ്ടിയും പ്രത്യേകിച്ച്, കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നസ്രത്തുമക്കൾ സമയം കണ്ടെത്തണം. നമ്മുടെ ജീവിത ശൃംഖലയുടെ രണ്ടറ്റവും ദിവ്യകാരുണ്യനാഥനെ കയ്യേല്പിക്കുക. പ്രഭാതത്തിൽ ഒരറ്റം ഏല്പിക്കുക, പ്രദോഷത്തിൽ മറ്റേയറ്റവും. ദിവ്യകാരുണ്യ ഈശോയെ ചുറ്റിപ്പറ്റിയുള്ള ജീവിതം എത്ര ഭാഗ്യമാണ്.

26 ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന രക്ഷകനായ ഈശോയോടുകൂടെ ചേർന്ന് മാതാവും യൗസേപ്പിതാവും പരിഹാരം അനുഷ്ഠിച്ച് മാനവകുടുംബത്തെ രക്ഷിച്ചു. നമ്മളും

അതുപോലെതന്നെ ചെയ്യണം. തിരുക്കുടുംബത്തിന്റെ പരിഹാരം കുരിശിലെ ബലിവരെയും നീണ്ടുനിന്നു. നമ്മുടെ സന്യാസജീവിതം പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ജീവിതമാകണം.

27 അനുദിനജീവിതത്തിലെ കടമകൾ നിർവ്വഹിക്കുവാൻ ആവശ്യമായ ത്യാഗം ഏറ്റെടുക്കുക. ഈശോ സഹിച്ചു, മരിച്ചു, ഉയിർത്തു. ഇനി എന്റെ ഊഴമാണ്. ഈ ബോധ്യം നമുക്ക് വേണം. നമ്മുടെ ജോലികളൊക്കെ താത്പര്യപൂർവ്വം ചെയ്യണം. അവയ്ക്ക് ഒത്തിരി പരിഹാര മൂല്യമുണ്ട്.

28 അനുദിനം നാം ഒരു പ്രായശ്ചിത്തം ചെയ്യണം. അതു നമ്മുടെ വ്യക്തിപരമായ സമ്മാനമാണ് ഈശോയ്ക്ക്. കൈവിരിച്ചു പ്രാർത്ഥിക്കുന്നതോ, ഭക്ഷണത്തിൽ കുറച്ച് ത്യജിക്കുന്നതോ, ഒരു നേരം ഭക്ഷണം ഉപേക്ഷിക്കുന്നതോ, നിലം ചുംബിക്കുന്നതോ, തലയിണയില്ലാതെ ഉറങ്ങുന്നതോ ഒക്കെ ആകാം. ഇതൊക്കെ അനുവാദത്തോടെ ചെയ്യണം. എങ്കിലേ അത് അനുഗ്രഹപ്രദമാകൂ. നമ്മുടെ എല്ലാ തപശ്ചര്യകളും പ്രായശ്ചിത്തങ്ങളും കർത്താവിന്റെ

ബലിയോടു ചേർത്ത് കാഴ്ചവയ്ക്കണം. കാരണം, നമ്മുടേത് മാത്രമായാൽ ഒരു വിലയും കിട്ടില്ല.

29 കുരിശുരൂപം വലിയ ഒരു പുസ്തകമാണ്. കുരിശുരൂപം ധ്യാന വിഷയമാക്കണം. ക്രൂശിതന്റെ കന്യക കിടക്കേണ്ടത് കുരിശിലാണ്. അവിടെ കിടന്നു ബഹളം കൂട്ടരുത്. രാത്രി കിടക്കുന്നതിനു മുമ്പ് കുരിശുരൂപം കൈയിൽ പിടിച്ചുകൊണ്ട് ചോദിക്കുക. ഇന്നു ഞാൻ ക്രൂശിതനുവേണ്ടി എന്തു ക്ഷമിച്ചു, എന്തു സഹിച്ചു, എന്തു സമ്പാദിച്ചു? ഇതാണ് സന്യാസിനിയുടെ ആത്മശോധന.

30 കന്യകയുടെ ജീവിതലത കർത്താവിനെ ചുറ്റിപ്പടരുന്നില്ലെങ്കിൽ അത് കാട്ടുവള്ളിയിൽ ചുറ്റിപ്പടരും. വരഗൃഹം പ്രവേശിച്ച വധുക്കളാണ് സന്യാസിനികൾ. ദിവ്യകാരുണ്യ ഈശോയോട് ബന്ധം പാലിക്കാതെ സന്യാസം പുലരില്ല.

31 നമ്മുടെ ദാരിദ്ര്യം യേശുവിനെ സ്വന്തമാക്കാനാണ്. ദരിദ്രനായ, യേശുവിനോടൊപ്പം ദരിദ്രരാകാനുള്ള വിളി. ദാരിദ്ര്യം അഭിനയിച്ചാൽ പോരാ അനുഭവിക്കണം.

32 സമർപ്പിതരുടെ അനുസരണം സ്നേഹപൂർവ്വ മായിരിക്കണം. സ്നേഹമുണ്ടെങ്കിൽ എല്ലാം എളുപ്പമാകും. സമൂഹത്തോടു ബന്ധം പാലി ക്കാത്ത സന്യാസിനി കുഴതെറ്റിയ അവയവം പോലെ തനിക്കുതന്നെ വേദന ഉളവാക്കും.

33 അനുസരിക്കുന്ന വ്യക്തിയുടെ ജീവിതം മുഴു വൻ ബലിയാണ്. കല്പിക്കുന്ന ആളും അനു സരിക്കുന്ന ആളും ബലി അർപ്പിക്കുകയാണ്. അനുസരണം പുണ്യമാകണമെങ്കിൽ വിശ്വാസം വേണം. പിതാവിന്റെ ഹിതം എന്തിലും കാണുക; അതാണ് വിശ്വാസ ത്തിന്റെ വീക്ഷണം.

34 'ദൈവം തന്റെ സർവ്വസ്വവും, ഈശോ എന്റെ സ്നേഹം, പരി. അമ്മ എന്റെ ആശ്രയം' ഈ സുകൃതജപം എപ്പോഴും ഉരുവിടണം. അങ്ങനെ ചെയ്യുമ്പോൾ കന്യകയുടെ കാലു കൾ ഇടറുകയില്ല. ഈശോയെ വിഡ്ഢി ആക്ക രുത്. വാഗ്ദാനങ്ങൾ വിശ്വസ്തതയോടെ പാലിക്കണം.

35 ബ്രഹ്മചര്യത്തിന്റെ പൂർണ്ണത സഹനമാണ്; ദാരിദ്ര്യത്തിന്റെ പൂർണ്ണത ത്യാഗമാണ്. അനു സരണത്തിന്റെ പൂർണ്ണത അവമാനത്തിലുമാ ണ്.

36 തിരുക്കുടുംബത്തിൽ മാതാവും യൗസേപ്പിതാവും ഈശോയും ഒന്നിച്ചു ജീവിച്ചു, അന്യോന്യം സ്നേഹിച്ചു, പരസ്പരം അർപ്പിച്ചു, ശുശ്രൂഷിച്ചു, എല്ലാകാര്യത്തിലും സഹകരിച്ചു, ആശയങ്ങൾ കൈമാറി. അതായത് എല്ലാവർക്കും ഒരു ചിന്തയേ ഉള്ളൂ. ഒരാഗ്രഹമേ ഉള്ളൂ. അങ്ങനെ ഒന്നായി വളർന്ന് പിതൃഹിതം നിറവേറ്റി. ആ മാതൃക നമ്മുടെ സമൂഹങ്ങളിൽ നിലനിർത്തണം. നസ്രത്തു സഭ ആ കുടുംബാരൂപി കൂടുതൽ പാലിക്കണം.

37 സഭയിലെ പ്രായം ചെന്നവരെ നാം ആദരപൂർവ്വം പരിഗണിച്ച്, അവരുടെ കഴിവും പരിചയവുമൊക്കെ അംഗീകരിച്ച് അവരോട് ബന്ധപ്പെട്ട് വ്യാപരിക്കണം. അവരെ ഒരു ഭാരമായി കരുതരുത്. കാരണം അവരാണ് നമുക്കു മുമ്പേ ജീവിതത്തിന്റെ ഭാരം പേറിയത്. അവരോട് ആ ആദരവുവേണം. പ്രായം ചെന്നവർ പുറകെ വരുന്നവർക്ക് പ്രോത്സാഹനം നല്കി സ്നേഹത്തിന്റെ പേരിൽ അവരെ സംരക്ഷിച്ചു വളർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കണം.

38 സ്നേഹവും സാഹോദര്യവും ഇല്ലെങ്കിൽ സമൂഹജീവിതം ഇല്ല. തേങ്ങാക്കൂട്ടിലെ തേങ്ങാപോലെ ആയാൽ പോരാ. പരസ്പരബന്ധം

വേണം. ഒരു ഇഷ്ടികപുറത്ത് വേറൊരു ഇഷ്ടിക പെറുക്കി വച്ചാൽ വീടാകില്ല. മണ്ണും സിമന്റും ഇട്ട് ഉറപ്പിക്കണം. ഇതുപോലെ സമൂഹജീവിതം വളരാൻ സ്നേഹം കൂടിയേ തീരൂ.

39 'എന്റെ സഹോദരി എനിക്കെതിരാണ്' എന്ന ചിന്ത പിശാചിന്റെ വലിയ പ്രലോഭനമാണ്. ഇതിൽ നിന്ന് എത്രയും വേഗം രക്ഷപ്പെടണം. സഹോദരികളെ ഒരിക്കലും സംശയിക്കരുത്. ഇതും പിശാചിന്റെ പ്രലോഭനമാണ്. അഹങ്കാരമാണ് ഇതിനു കാരണം.

40 നിശ്ചയമില്ലാത്ത കാര്യം ഒരിക്കലും പറയരുത്. നമ്മുടെ സാന്നിദ്ധ്യം കൊണ്ട് ആരെയും ചെറുതാക്കരുത്, വിധിക്കരുത്. കാരണം നമുക്ക് എല്ലാ വശങ്ങളും അറിയില്ലല്ലോ. ഒരു സഹോദരിയുടെ തെറ്റു കണ്ടാൽ അത് എന്റെ തെറ്റാണെന്നു കരുതി പ്രായശ്ചിത്തം ചെയ്യണം.

41 ആരെയും തനിച്ചാക്കരുത്. ഉല്ലാസവേളയിൽ ഒരുമിച്ചുകൂടണം. സ്നേഹം കൊടുത്തു പഠിക്കണം. സ്നേഹം കൊടുക്കാൻ തയ്യാറാകുന്നതനുസരിചച്ചാണ് സ്നേഹത്തിൽ വളരുന്നത്. കാണാൻ കണ്ണും കേൾക്കാൻ ചെവിയും

വികാരം കൊള്ളാൻ ഒരു ഹൃദയവും സഹായിക്കാൻ സന്നദ്ധതയും ക്രിയാത്മകമായ സ്നേഹവും ഉണ്ടെങ്കിൽ സമൂഹം സന്തോഷപ്രദമായിരിക്കും.

42 നമ്മളെല്ലാം ക്രൂശിതന്റെ കന്യകകളാണെന്നു വിചാരിക്കണം. മറ്റുള്ളവരിൽ നിന്ന് ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ മൗനമായി നിലകൊള്ളുന്ന പരിഹാസ രാജാവിനെ കാണണം.

43 സ്വന്തം തെറ്റുകൾ അറിയാൻ ിടയാകുമ്പോൾ സന്തോഷിക്കണം. തെറ്റ് ഏറ്റു പറയുന്നവന് അനുഗ്രഹം ലഭിക്കും. സ്വന്തം അഭിപ്രായം സ്ഥാപിക്കുവാൻ വാദപ്രതിവാദത്തിന് മുതിരരുത്.

44 വർഷത്തിൽ 365 ദിവസമുണ്ട്. അതിൽ േതാണ് പ്രധാനപ്പെട്ടത്? നമുക്ക് നന്നാകാൻ പ്രധാനപ്പെട്ട ദിവസം ഇന്നാണ്. നാളെ, നാളെ എന്നു നീട്ടിവയ്ക്കരുത്. അടുത്ത നിമിഷം എങ്ങനെ എന്നറിയില്ലല്ലൊ.

45 എഴുതാത്ത പുസ്തകമാണു നമ്മൾ. എല്ലാവർക്കും വായിച്ചു പഠിക്കുവാനുള്ള പുസ്തകങ്ങൾ. നമ്മുടെ പുറകെ വരുന്നവർ നമ്മളെ കണ്ടു പഠിക്കണം.

46 നമുക്കൊരു ക്രമം വേണം അധികാരികളെ അനുസരിക്കുന്ന ക്രമം. അധികാരികളെ അനുസരിച്ച് ഇളംതലമുറയ്ക്കു മാതൃക കൊടുക്കണം. ട്രാൻസ്ഫർ ഉണ്ടാകുമ്പോൾ അസംതൃപ്തരാകരുത്. എല്ലാവരോടും ചോദിക്കാൻ സാധിച്ചെന്നു വരില്ല. കുരിശിലെ ഈശോയോടുകൂടി ഹോമിച്ചതാണ് ജീവിതം. ഇനി സ്വന്തം ഇഷ്ടം ഉണ്ടാകരുത്.

47 അധികാരികൾ സിസ്റ്റേഴ്സിനോട് ദൃഢമായ ബന്ധം പാലിക്കണം. അവർക്കു പറയാനുള്ളത് പറയാൻ സമയം കൊടുക്കണം. ഈ ജോലി മറ്റാരെയും ഏല്പ്പിക്കാൻ പറ്റില്ല. പ്രശ്നങ്ങൾ പറഞ്ഞ് പരിഹാരം നേടാൻ അവസരമുണ്ടാക്കണം. അപ്പോൾ തെര്റുദ്ധാരണകൾ മാറും. ക്ഷമയോടെ അവരെ ശ്രവിക്കണം. കർത്താവിന്റെ പക്കലേക്ക് ഒരാത്മാവിനെ എത്തിക്കാൻ ഒത്തിരി ക്ഷമ വേണം.

48 അധികാരി പ്രസന്നവദന ആയിരിക്കണം. എന്തെല്ലാം ഉണ്ടായാലും ശാന്തമായി പെരുമാറണം. അധികാരസ്ഥാനത്തിരുന്ന് കല്പ്പിച്ചുകൊണ്ട് കാര്യം നടത്താമെന്ന് അധികാരി കരുതരുത്. ഉത്തമമായ ജീവിത മാതൃകകൊണ്ട് അധികാരം സേവനമാണെന്നു

കാണിക്കണം. അധികാരിയുടെ മാതൃക കണ്ട് മറ്റുള്ളവർ പിറകേവരണം.

49 അധികാരിയുടെ ജോലി ദൈവം ഏല്പിച്ചാൽ നമ്മുടെ കഴിവിൽ ആശ്രയിച്ച് അസ്വസ്ഥരാകരുത്. ദൈവം ഏല്പിച്ചത് സ്നേഹപൂർവ്വം സ്വീകരിക്കുക. ദൈവത്തിന്റെ മക്കളെ പരിപാലിക്കുക. അത് അധികാര പ്രയോഗമല്ല, സേവനമാണ്.

50 നസ്രത്തിന്റെ ജീവിതശൈലി വിനീതമായ അദ്ധ്വാനമാണ്. നമുക്കു വേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും നാം അദ്ധ്വാനിക്കണം. നോക്കി നിന്നു പണിയെടുപ്പിക്കുന്ന ജീവിതമല്ല, പ്രത്യുത കൂടെനിന്ന് അദ്ധ്വാനിക്കുന്ന ജീവിതമാണ് നമ്മുടേത്.

51 നസ്രത്തു കന്യകയ്ക്ക് അദ്ധ്വാനം ഒട്ടും കുറച്ചിലുള്ള കാര്യമല്ല. ഈശോ മൂന്നു മണിക്കൂർ തൂങ്ങിയപ്പോൾ കുരിശിനു മഹത്വമുണ്ടായി. അങ്ങനെയെങ്കിൽ ഈശോ മുപ്പതുകൊല്ലം പണിയെടുത്തപ്പോൾ ആ ജോലിക്കു മഹത്വമില്ലേ? ജോലിചെയ്തു തഴമ്പിച്ച കൈകളുമായിട്ടാവണം നസ്രത്തു കന്യക സ്വർഗ്ഗത്തിലെത്താൻ. ഒരു പ്രവൃത്തി ആരംഭിച്ചതിനേക്കാൾ

പ്രസാദവരം അവസാനിക്കുമ്പോൾ ഉണ്ടാക ണം.

52 ലളിതവും വിനീതവുമായ സേവനരംഗങ്ങൾ നസ്രത്തു സഹോദരികൾക്ക് സന്തോഷകര മാകണം. അലക്കുമുറിയിൽ പ്രവർത്തിച്ചാലും, അടുക്കളയിൽ പ്രവർത്തിച്ചാലും, ആശുപത്രി യിലും കോളേജിലും പ്രവർത്തിച്ചാലും സ്നേഹപൂർവ്വം സന്തോഷത്തോടെ എല്ലാം ചെയ്യണം. നസ്രത്തു സഹോദരിയുടെ മദ്ബ ഹയാണ് അടുക്കള.

53 നമ്മൾ ആശുപത്രി നടത്തുന്നത് ഈ പാവ പ്പെട്ട മനുഷ്യരുടെ ആദ്ധ്യാത്മിക ജീവിത ത്തിൽ ഒരു പരിവർത്തനമുണ്ടാക്കാനാണ്. രോഗം സുഖപ്പെട്ടു പോകുന്ന കൂട്ടത്തിൽ സന്മാർഗ്ഗബോധവും അവർക്കുണ്ടാകണം.

54 നസ്രത്ത് പ്രാർത്ഥനയുടെ ഭവനമാണ്. ആഴ്ച യിലൊരിക്കൽ മഠത്തിൽ ഒരു മണിക്കൂർ ചുറ്റു മുള്ള ആളുകൾക്ക് വന്ന് പ്രാർത്ഥിക്കാൻ സൗകര്യപ്പെടുത്തി കൊടുക്കുക. സിസ്റ്റേഴ്സും അവരുടെ കൂടെ കൂടണം. നാനാജാതി മത സ്ഥരെ സ്വാഗതം ചെയ്യണം. തങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന സിസ്റ്റേഴ്സാണ് ഈ

മഠത്തിലുള്ളത് എന്ന് അവർക്ക് അനുഭവപ്പെടണം.

55 അമ്മമാസിക പ്രചരിപ്പിക്കണം. കുടുംബത്തെപ്പറ്റിയുള്ള നല്ല പുസ്തകങ്ങൾ വാങ്ങിച്ച് കുടുംബങ്ങളിൽ വായിക്കാൻ കൊടുക്കുക.

56 നമുക്കു കിട്ടുന്ന പണം കൊണ്ട് സുഭിക്ഷമായിട്ടു ഭക്ഷിച്ച് ഇഷ്ടംപോലെ ജീവിച്ചാൽ പോരാ; നമ്മുടെ ഈ വേലിക്കെട്ടിനകത്തുള്ളവരെ മാത്രം പോറ്റിയാൽ പോരാ. 'ഞങ്ങൾക്കും ഉണ്ട്, മറ്റുള്ളവരുടെ കാര്യം ഞങ്ങളെ ഏല്പിച്ചിട്ടില്ല' എന്നു പറയരുത്. അപ്പോൾ നമ്മുടെ വിശ്വവ്യാപകമായ മാതൃത്വത്തിന് അർത്ഥമില്ലാതാകും.

57 സഭയുടെ നന്മ എന്റെ നന്മയാണ്, അതിന്റെ നേട്ടം എന്റെ നേട്ടമാണ് എന്ന വിചാരം നമുക്കു വേണം. അല്ലാതെ ഒരു വ്യക്തിയായി നിന്നിട്ട് ഒന്നും ചെയ്യാമെന്ന് ആരും വിചാരിക്കേണ്ട. സഭയ്ക്കു കുറവുവന്നാൽ എന്റെ കുറവാണ് എന്നുള്ള വിചാരം നമുക്കു വേണം. അല്ലാതെ അമ്മയെക്കാൾ വലിയ മക്കളാകരുത്.

58 ഈശോയോടൊത്ത് പരി. ത്രിത്വത്തിന്റെ സ്നേഹവും തിരുക്കുടുംബത്തിന്റെ ചൈതന്യവും കുടുംബങ്ങളിലേക്കു സംവഹിക്കുവാൻ അയയ്ക്കപ്പെട്ട നമ്മുടെ ഈ ഭൂമിയിലെ പ്രേഷിതവേലയുടെ സമാപനത്തിൽ പിതാവിന്റെ ഭവനത്തിലേക്ക് പ്രവേശിക്കാൻ നമുക്കു ലഭിക്കുന്ന വിളിയാണ് മരണം.